# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 5 ലക്കം 1 പേജുകൾ 46 ഏപ്രിൽ 2024



## ജാസി ഗിഫ്റ്റും രാമകൃഷ്ണനും

ജന്മദിന പതിപ്പ്

- കഥ
- കവിത
- കാർട്ടൂൺ കേരളം















# ONE INDIA ONE EMOTION

WEDDINGS

by


JOS ALUKKAS

A TRADITION OF FINE JEWELLERY

**THRISSUR:** Round East. Ph: 0487-2331812. Shop online at www.josalukkasonline.com

KERALA | TAMIL NADU | KARNATAKA | PUDUCHERRY | ANDHRA PRADESH | TELANGANA

Push360




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ–680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

# 'മഷിപ്പച്ച' മാസികയ്ക്ക് ഇന്ന് ആറാം ജന്മദിനം



വ്യാപാര കേരളം പ്രസിദ്ധീകരണമായ 'മഷിപ്പച്ച' മാസികയ്ക്ക് ഇന്ന് ആറാം ജന്മദിനം. 2019 ഏപ്രിൽ ഒന്നിന് ജോസ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ശ്രീ ജോസ് ആലുക്കയാണ് പ്രഥമ ലക്കം പ്രകാശനം ചെയ്തത്. ബിസിനസ് സംരംഭകത്വ അറിയിപ്പുകൾക്കും ലേഖനങ്ങൾക്കുമൊപ്പം സാംസ്കാരിക രംഗത്തെ പുത്തൻ പ്രവണതകളും ഉൾപ്പെടുത്തിയായിരുന്നു ആദ്യ ലക്കങ്ങൾ പ്രസിദ്ധീകരിച്ചത്. മികച്ച കഥകളും കവിതകളും മാസികയിലൂടെ അന്നും വെളിച്ചം കണ്ടിരുന്നു.

സമകാലിക രാഷ്ട്രീയ – സാംസ്കാരിക – സാമൂഹിക വിഷയങ്ങൾ വിശകലനം ചെയ്യുന്ന 'സമകാലികം' പംക്തി, ഏറെ ചർച്ച ചെയ്യപ്പെട്ടിരുന്നു. വ്യത്യസ്ത രാഗാനുഭവങ്ങൾ പകർന്ന 'റിഥം ഓഫ് ലൈഫ്' പംക്തി സംഗീതജ്ഞർക്കിടയിലും ആസ്വാദകർക്കിടയിലും പ്രചുര പ്രചാരം നേടി. മാസികയിൽ പ്രസിദ്ധീകരിച്ച സർഗ രചനകൾ കൂടുതൽ ശ്രദ്ധിക്കപ്പെടുകയും സാംസ്കാരിക രംഗത്ത് ഗൗരവതരമായ ഇടപെടലുകൾക്ക് വേദിയാകുകയും ചെയ്തതോടെ മാസികയുടെ മാസ്റ്റർ ഹെഡ് 'മഷിപ്പച്ച' എന്ന് പുനർ നാമകരണം ചെയ്തു. എഴുതി തുടങ്ങുന്നവരിലെ പ്രതിഭകളെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ മാസികയുടെ ആഭിമുഖ്യത്തിൽ മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാരവും സി ആർ പി പണിക്കർ സ്മാരക കവിതാ പുരസ്കാരവും ഏർപ്പെടുത്തിയിട്ടുണ്ട്.

ആറാം ജന്മദിനം ആഘോഷിക്കുന്ന വേളയിൽ, തുടർന്നുള്ള ഓരോ ലക്കവും മികവുറ്റതാക്കുമെന്ന വാഗ്ദാനമാണ് വായനാ സമൂഹത്തിന് സമർപ്പിക്കുന്നത്. സാംസ്കാരിക വിഷയങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ പഠിച്ച് അവതരിപ്പിക്കുന്ന രീതി തുടരും. നർമ്മത്തിൽ പൊതിഞ്ഞ കൂരമ്പുകൾ പായിച്ച് 'കാർട്ടൂൺ കേരളം' പംക്തി മാസികയുടെ സഹയാത്രികയാകും.

പ്രമുഖ വാരികകളിൽ എഴുതുന്നവരായി ചിലരെയെങ്കിലും വളർത്തിയെടുക്കാൻ കഴിഞ്ഞു എന്നതിൽ മാസികാ പ്രവർത്തകർക്ക് അഭിമാനമുണ്ട്. മാസികയുടെ വിവിധ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിവരുന്ന പ്രിയ വായനക്കാർക്കും പരസ്യ ദാതാക്കൾക്കും ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു.

**–സി.ആർ.രാജൻ,**
എഡിറ്റർ

## കാർട്ടൂൺ കേരളം






എം. ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ


**കവർ സ്റ്റോറി**

സബിത രാജ് ...................... പേജ് 13

**ലേഖനം**

ദർശന ................................ പേജ് 39

**കഥ**

അനിത ശ്രീജിത്ത്.................. പേജ് 9

സുരേന്ദ്രൻ മങ്ങാട്ട് ................ പേജ് 16

ദിവ്യ സി. ആർ. ..................... പേജ് 18

**കാർട്ടൂൺ**

എം. ആർ. ബാലചന്ദ്രൻ ........... പേജ് 4

**കുട്ടികളുടെ മഷിപ്പച്ച** .. പേജ് 44

**കവിത**

സന്ധ്യ ഇ. ........................... പേജ് 5

മനീഷ ............................... പേജ് 6

പ്രബിത പ്രകാശ് ................... പേജ് 7

അനിത ശ്രീജിത്ത്.................. പേജ് 9

സ്റ്റെല്ല മാത്യു ....................... പേജ് 21

യൂസഫ് നടുവണ്ണൂർ ............. പേജ് 22

ഹാജറ കെ. എം. .................. പേജ് 23

രമാ പിഷാരടി..................... പേജ് 24

ലേഖ കാക്കനാട്ട്................. പേജ് 25

ജയപ്രകാശ് എറവ് .............. പേജ് 26

സിന്ധു ഗാഥ...................... പേജ് 27

റീന വി. ............................ പേജ് 28

ഷേർലി മണലിൽ................ പേജ് 29

രജനി സുരേന്ദ്രൻ................ പേജ് 30

കൃഷ്ണകുമാർ മാപ്രാണം ...... പേജ് 31

ജിപ്സ വിജീഷ് ................... പേജ് 32

ശ്യാം തറമേൽ...................... പേജ് 33

അജേഷ് പി. ...................... പേജ് 34

ഉഷ കെ. ........................... പേജ് 35

ടോണി എം. ആന്റണി ............ പേജ് 36

ജയപാലൻ കാര്യാട്ട് .............. പേജ് 37

പ്രദീപ് എസ്. എസ് ............... പേജ് 38




# തീവണ്ടിയും ട്രെയിനും



സന്ധ്യ ഇ

തീവണ്ടിയെന്നു വിളിച്ചാലേ തീവണ്ടിയിൽപ്പോയപോലെ
തോന്നുവെന്നത് തോന്നലാവാം.

ഓർമ്മയിൽ തീവണ്ടികളുണ്ട്
ഒന്നാം ക്ലാസിലെ പാഠപുസ്തകത്തിൽ നിന്ന് തല നീട്ടി
കൂകൂ കൂകൂ തീവണ്ടിയെന്ന
ഗൃഹാതുരതയുണ്ടാക്കി
കൂകിപ്പായുന്നവ
സന്തോഷപ്പുകയൂതി
പ്രിയപ്പെട്ടവരെ കൊണ്ടുവരുന്നവ
സങ്കടക്കരി തേച്ചു
തിരിയെക്കൊണ്ടു പോകുന്നവ ഇരുമ്പുമണത്തിനുള്ളിൽ പൊതിഞ്ഞ്
കാറ്റും വെയിലും മഴയും മഞ്ഞും
ഓറഞ്ചും ഞാവലും
ദൂരങ്ങളിലെ കിണറ്റിലെ വെള്ളവും
ഇലയിൽ കെട്ടിയ സ്നേഹത്തിന്റെ അടുക്കളരുചിയുമെത്തിക്കുന്നവ
അടക്കിയ കരച്ചിലുള്ളവ
അടക്കാതെ പുഞ്ചിരിച്ചവ
ചിലപ്പോൾ കാത്തിരിപ്പ് വൃഥാവിലാക്കിയും
മറ്റുചിലപ്പോൾ കാത്തിരുന്നു മടുക്കുമ്പോൾ
ഒരത്ഭുതംപോലെ പ്രത്യക്ഷപ്പെട്ട് പ്രതീക്ഷയും
സമ്മാനിച്ചവ.

ഇപ്പോൾ ട്രെയിനിറങ്ങി ആരും വരാത്ത പോലെ
വന്നുവെന്ന് തോന്നാത്ത പോലെ
അഥവാ വന്നവർക്ക്
ജീവിതത്തിന്റെ മണമില്ലാത്ത പോലെ
വസ്ത്രങ്ങൾക്കുലച്ചലില്ലാത്തപോലെ
ബാക്കിയാകുന്ന കുപ്പിവെള്ളത്തിന്
മണ്ണിന്റെ സ്വാദില്ലാത്ത പോലെ
ട്രെയിൻ കയറിപ്പോകുന്നവരുടെ അസാന്നിദ്ധ്യമിപ്പോൾ
ഉള്ളിൽ നനവുണർത്താത്ത പോലെ

ട്രെയിനുകൾ കരയാറില്ല ചിരിക്കാറില്ല
സ്വപ്നം കാണാറോ അതിശയങ്ങൾ കരുതാറോ ഇല്ല
തീവണ്ടികളുടെ പ്രേതങ്ങളാണവർ ജീവനില്ലാത്തവർ,



# മൃഗസാമ്രാജ്യം



മനീഷ

മനസ്സ്,
നനഞ്ഞ മണ്ണ്,
ഏത് വിത്തും മുളച്ചേക്കാവുന്ന
കുതിർന്ന മണ്ണ്.
നാട് ചുറ്റിയെത്തിയ
കാറ്റ് പാകിയ
ഭയത്തിൻ വിത്തുകൾ
മുളയ്ക്കാൻ തുടങ്ങുന്നു.
ഭയം കാഴ്ചയെ മറയ്ക്കുന്നു.

പതിവു ബസിൽ
സഹയാത്രികൻ
ചിരിക്കുമ്പോൾ
മനസ്സ്
വറ്റി വരളുന്നു.
കണ്ണ് അയാളെ
സ്കാൻ ചെയ്യുന്നു.
അയാൾക്ക് വേട്ടനായുടെ
പല്ലെന്നു മന്ത്രിക്കുന്നു.
അവൾ ചിരി മറക്കുന്നു.
നിരത്തിലെ തിരക്കിൽ
തുട്ടിനായ്
കൈ നീട്ടിയവൻ
ലഹരി നുണയുന്ന കരടിയെന്നു
സ്കാനർ കണ്ണ്.

കടലൊന്ന് കണ്ട്
ഹൃദയ തിരയടക്കാൻ,
മണലിൽ
പേരൊന്നു വരയാൻ
തീരത്തിരിക്കുമ്പോൾ
കപ്പലണ്ടി നീട്ടുന്നു വൃദ്ധ.
മനസ്സ് അപായ മണി മുഴക്കുന്നു.
കണ്ണ് സ്കാനറായി
പരിണമിക്കുന്നു.
ആട്ടിൻ തോലിട്ട ചെന്നായയെന്ന്
മന്ത്രിക്കുന്നു.

അവൾ ഒറ്റ തുരുത്താകുന്നു
ചുറ്റിലും മനുഷ്യരില്ലെന്ന
വേവിൽ പൊള്ളിയവൾ
അടരുന്നു.

കുറുക്കനും പുലിയും
കഴുതയും, കുരങ്ങനും
ആനയും,ആമയും.
കൊക്കും,കാക്കയും
തരം പോൽ
മനുഷ്യ മുഖങ്ങൾ
മൃഗ മുഖങ്ങളാകുന്നു.
ആർത്തിയോ,
ലഹരിയോ?
മതവെറിയോ?
കാരണം തേടിയവൾ ഉഴലുന്നു.
അപര സ്നേഹമില്ലാത്ത
ഉലകം എന്ന് ആർത്തു വിളിക്കുന്നു.
ഇടയ്ക്കിടെ
പ്രതിബിംബം നോക്കുന്നു.
തേറ്റയോ, വാലോ, കൊമ്പോ മുളയ്ക്കുന്നു
വോയെന്ന്.

# ചായക്കോപ്പയിലെ രാത്രി സുവിശേഷം

.....1.......

ഉറക്കോം മയക്കോം കഴിഞ്ഞ്
നട്ടുച്ചയെന്നമ്മ പറഞ്ഞു തേഞ്ഞ
ഓളുടെ വെളുപ്പാൻക്കാലത്ത്
ഉറക്കച്ചടവിൽ കട്ടിലിന്മേൽ
കാലു നീർത്തിയും പിന്നാക്കം
കൈത്താങ്ങിയും ഒരിരുത്തമുണ്ട്.

തലമുടി കുടഞ്ഞു കെട്ടാണ്ട്
മൂക്കും ചിറിയും തുടയ്ക്കാണ്ട്
പുതപ്പും വിരിയും നേരെയാക്കാണ്ട്,

നുരഞ്ഞു പൊന്തി
കനലിൽ കരിഞ്ഞു ചത്തതും
അടിപിടിച്ച് കലത്തിൽ
വെന്തു ചാകാറായതുമായ
സ്വപ്നത്തിന്റെ വാൽകഷ്ണം
പേറിയുള്ള ഇരിപ്പ്.

അസത്തേന്നു തുടങ്ങി
അശ്രീകരത്തിലവസാനിക്കുംമ്പൊ
മറവിയുടെ ചുഴിയിൽ
അടക്കം ചെയ്യപ്പെടുന്ന
പുതിയ ഇര !

..........2...........

നിറയെ ഉത്തരങ്ങൾ ഓക്കാനിച്ച്
ചോദ്യം പരതി വരാൻ അശിരീരി
ചൂണ്ടുവിരലുയർത്തും വരെ
രണ്ടു തലനാരിഴമാത്രം
കൂട്ടിപ്പിരിച്ച കുസൃതിയെ
കടുങ്കെട്ടെന്നും
അഴിയാകുരുക്കെന്നും പുലമ്പി
ചുരുണ്ടുകൂടി അവൾ



– പ്രബിത പ്രകാശ്





ഉറക്കം നടിക്കും.

അരണ്ട വെളിച്ചമുള്ള
തെരുവിന്റെ അങ്കലാപ്പുകളിൽ
മേലു തളർന്നും തൊണ്ട വരണ്ടും
കൂനിക്കൂടിയിരിക്കുമ്പോൾ
അനുവാദമില്ലാതൊരു നിഴൽ
അകറ്റിയാലും അടുത്തു വന്നിരുന്ന്
ദൈവമാണെന്നരുളും.

ശൂന്യമായ കൈവെള്ള കൊണ്ട്
വഴിവക്കിലെ ചായക്കട ചൂണ്ടി
ദൈവത്തോടിരന്ന് തിളച്ച ചായ
മുത്താനൊരുമ്പെടും മുൻപേ
പഞ്ചാരയലിയാൻ ക്ഷമയില്ലാതെ
ചായച്ചവർപ്പു മോന്തിയിറക്കി
പണമെറിഞ്ഞ് മറഞ്ഞ നിഴലിനെ
ചോദ്യം ഒന്നെന്നു കുറിച്ചിടുന്നു.

......3........

മണി രണ്ടെന്നടിക്കുമ്പോൾ
മൂന്നാമത്തെ ചോദ്യത്തിനരികു കോറി
നീറ്റലു പൊറുക്കാതെ
ഓള് ഞെട്ടിയുണരുന്നു.

നിറപെൻസിലുകളും
പുസ്തകങ്ങളും തുണികളും
മടക്കിയും ഒതുക്കിയും
നാലു ചുവരിലെ കുഞ്ഞാകാശം
കുടഞ്ഞു വിരിക്കുന്നു.

വിയർത്തുപ്പു കുറുകിയ
മേലിനെ കുളിപ്പിച്ചും
കടുംകാപ്പി തിളപ്പിച്ചാറ്റി കുടിച്ചും
ഉറക്കത്തിലേക്കുണരുന്നു.

നിഴലിറങ്ങി നടന്ന ഇടങ്ങളിലേക്കു
വസന്തം കൂടുമാറിയെന്നു
കൂട്ടിപ്പിരിച്ചും കൊണ്ട്
ഒരു കടുംക്കെട്ട് കെട്ടുന്നു....

കഥ

# അല്ലേലും മണ്ടികളാണീ പെണ്ണുങ്ങൾ





അനിത ശ്രീജിത്ത്

’വിശുദ്ധയാകാശത്തിന്റെ
നനുത്ത കുടക്കീഴിൽ
പകുത്തു പോകാതല്ലേ
ഇരുപ്പു നമ്മൾതമ്മിൽ’

വിവാഹവാർഷിക പോസ്റ്റ് ഏറെ നിറവോടെയായിരുന്നു സോഷ്യൽ മീഡിയയിൽ ഇട്ടത്. അയാളോടുള്ള എന്റെ മുഴുവൻ പ്രണയവും അതിൽ തളിർത്തു നിന്നിരുന്നു. ഇത്തവണ അയാളതിൽ ആനന്ദിക്കുന്നില്ലെന്നു ഞാനറിയുന്നുണ്ടായിരുന്നു. അത് ഭാവിക്കാതെ തന്റെ ഐഡിയിലേക്കതയാൾ ഷെയർ ചെയ്തിട്ടു. പൊടുന്നനെ തന്നെ പലപല പോസ്റ്റുകൾ ഷെയർ ചെയ്ത് അതടിയിലേക്കു തള്ളുന്നതും ഇപ്പുറം ഞാൻ കണ്ടുകൊണ്ടിരുന്നു. ഇടക്കയാൾ വേറൊന്നിലേക്ക് തെന്നി മാറുന്നത് ഒരൊഴുക്കു പോലാണ്, എനിക്കത് വേഗം മനസ്സിലാകും. കഴിഞ്ഞ പതിനേഴു വർഷങ്ങളായി ഇത് കാണുന്നു. സ്വപ്നത്തിലാകുന്നതു പോലെ യാന്ത്രികമായി വീട്ടുകാര്യങ്ങളിലേർപ്പെടുന്നതുമായിരുന്നു അതിന്റെ സൂചന. മുടങ്ങാതെ മീൻ വാങ്ങിക്കൊണ്ടു വരുമ്പോഴും പച്ചക്കറിയും പലവ്യഞ്ജനങ്ങളും വാങ്ങിത്തരുമ്പോഴും രാവിലത്തെ നടത്തുകഴിഞ്ഞെത്തുമ്പോൾ അന്നേയ്ക്കുള്ള പാലും പഴങ്ങളും വാങ്ങി വരുമ്പോഴും അയാൾ സ്വപ്നത്തിലെന്നപോലെ സഞ്ചരിച്ചു. ഭക്ഷണം കഴിക്കുമ്പോൾ ഞാൻ പറഞ്ഞതിനെല്ലാം മറുപടി പറയുമ്പോഴും സ്വപ്നാടകനെപ്പോലെ തന്നെ പെരുമാറി. വേറെവിടെയോ ആരോ ഒരാൾക്കൊപ്പമയാൾ തന്റെ ആത്മാവിനെ പങ്കിട്ടശേഷം ഉറയായ ശരീരമിവിടെ എനിക്കായി പങ്കുവച്ചതു പോലെ നിർജീവമായിരുന്നു ആ പങ്കിടലുകളെല്ലാം. അയാളും അയാളല്ലാത്ത അയാളും പിന്നെ അയാളുടെ തന്നെ അന്തരാത്മാവും ചേർന്ന് ത്രയീഭവിച്ച ഒരാളെപ്പോലെ വിചിത്രമായിരുന്നിട്ടയാൾ പിന്നീട് ഞങ്ങളുടെ ലോകംചമച്ചു. ഉണർവ്വിന്റെ നേരങ്ങളിൽ ഇതിനെപ്പറ്റി ആരാഞ്ഞപ്പോഴൊക്കെ 'ആര് പറഞ്ഞു? ഞാനോ? എപ്പോൾ പറഞ്ഞു?' എന്നിങ്ങനെ ഒരു കാര്യവുമോർമ്മയില്ലാതെ എന്നെ നിരാശയിലാഴ്ത്തി. അങ്ങനെ വിവാഹം മുതലിങ്ങോട്ട് പലയാവർത്തി കണ്ടപ്പോഴെല്ലാം അതിൻറെ

ആന്തരാർത്ഥത്തിൽ മുറിവേറ്റവളായിത്തീർന്നതു ബാക്കി! എന്നിട്ടുമിതെല്ലാം പൊറുക്കാൻ മാത്രം അയാളെമാത്രം സ്നേഹിക്കാൻ പാകത്തിലൊരു വിചിത്ര അറയൊരുക്കി ചെയ്യുന്ന വിഡ്ഢിത്തമറിഞ്ഞുതന്നെ ഞാനതിലെന്നെയിട്ട് പൂട്ടി മുദ്രവച്ചു. അറയ്ക്ക് പുറത്തെഞാൻ പുറപ്പെട്ടു പോകാൻ പാകത്തിലൊരുവൾ വെരുകിനെപ്പോലെ വെറിപിടിച്ചലഞ്ഞു. സകലപുണ്യപാപആധിവ്യാധികളുമേശാ ത്തൊരു ഞാൻ. ഉള്ളറിയുന്ന

വർക്കുവേണ്ടിമാത്രം സ്നേഹപാനപാത്രവു മേന്തി ആരെയും കൂസാതെ എന്നെത്തന്നെ തുറന്നിട്ട് തലയുയർത്തി വിടർന്ന് വിലസി ഞാനവിടെയിരുന്നു. ചോദ്യത്തിനും ഉത്തര ത്തിനുമപ്പുറം അവളായിരുന്നു യഥാർത്ഥ ഞാൻ. ആ എന്നെപ്പേടിക്കുന്നൊരു ഞാൻ സൂക്ഷിച്ചുസൂക്ഷിച്ച് വേദനിച്ച് ആർക്കും വേണ്ടാതെ എന്നിട്ടുമെല്ലാവരേയും പ്രത്യേകിച്ച യാളെ മാത്രം സ്നേഹിച്ച്മോഹിച്ച് അവിടെ ആ അറയുടെ ഇട്ടാവട്ടത്തിൽ ജീവിച്ചു.

അവിടേക്ക് കടന്നു ചെല്ലുമ്പോൾ അവൾ സിത്താർ വായിക്കുകയായിരുന്നു. ഒറ്റ നോട്ടത്തിൽ അനൗഷ്ക ശങ്കറിനെപ്പോലെതന്നെയിരുന്നു അവൾ. അതുപോലെ എലഗന്റായിരുന്നു ആ ഇരുപ്പ്. ഗംഭീര കലാകാരി ഇരുനിറത്തിൽ അതിസുന്ദരിയായൊരുവൾ. സിരകളിൽ നീലരക്തമോടുന്ന ഒരുവളെ ഒരധ:കൃത നോക്കുന്ന വികാരത്തോടെ ഞാനവളെ നോക്കിനിന്നു. ആ സംഗീതം കേട്ടുനിന്നു. അതൊരിക്കലും സന്തോഷം നിറഞ്ഞ കാഴ്ച്ചയല്ല. കിട്ടാതെ പോകുന്ന സകല വ്യവസ്ഥിതിയോടുമുള്ള  വെറുപ്പതിലേന്തിയിരിക്കും. സിരകളിലൂടെ നിഷേധം പരന്നൊഴുകും. എനിക്കെന്നോട് പറഞ്ഞറിയിക്കാനാകാത്ത വിധം വെറുപ്പുതോന്നി. ഞാൻ വെളുത്തുസുന്ദരിയാണെന്നു പറയുന്നവരെ മൊത്തം ഞാൻ വെറുത്തു. കലയില്ലാതെ എന്തു സൗന്ദര്യമെന്ന് ആദ്യമായെനിക്കു തോന്നി. അയാൾ അവൾക്കരികിൽ നിന്ന് സംഗീതം കംമ്പോസ് ചെയ്യുകയായിരുന്നു. അന്ന് വൈകുന്നേരം അഞ്ചുമണിക്കാണ് പ്രോഗ്രാം. അയാൾ അവളുടെ മാസ്റ്ററായിരുന്നു, എന്റെ പങ്കാളിയും. വായന കഴിഞ്ഞപ്പോൾ അവിടെ അപ്പോഴുണ്ടായിരുന്ന എല്ലാവരും കൈയ്യടിച്ചു. എന്റെ കൈമാത്രം ഇളകിയില്ല. ഞാൻ അടിക്കുന്നുവെന്ന് നടിച്ച് നാടകീയമായിപ്പുഞ്ചിരിച്ചു. അവൾ എല്ലാവരോടുമായി തലകുനിക്കുന്നനേരത്താണ് ഞങ്ങളുടെ കണ്ണുകൾ തമ്മിലുടക്കിയത്. പൊടുന്നനെ അവൾ കണ്ണുകൾ തിരിച്ച് അയാളെ നോക്കി, വീണ്ടും എന്നെ നോക്കാതിരിക്കാനാ ജാഗ്രത സഹായിച്ചു.

അയാൾ തിരിഞ്ഞു നോക്കുമ്പോൾ ഞാൻ ഗാലറിയിൽ ഒരു സീറ്റിലേക്കിരുന്നു. എന്നെക്കണ്ട് കണ്ണുകൾ കൊണ്ട് വന്നോ എന്ന ചോദ്യമെറിഞ്ഞിട്ടയാൾ അവളോടെന്തോ പറഞ്ഞു കൊണ്ട് ഇപ്പോൾ എന്റെയടുക്കലേക്കയാൾ വരണമെന്ന മോഹത്തെ എന്നത്തെയും പോലെ മനസ്സിലാക്കാതെ അവിടെത്തന്നെ നിന്നു. ഇപ്പുറം വേദനയോടെ ഞാനൊറ്റയ്ക്കു നിന്നു.


കുറേനിമിഷങ്ങൾകൂടി ഞാനവിടെ നിന്നിട്ട് പതിയെ എഴുന്നേറ്റ് തിരിഞ്ഞു നോക്കാതെ നടന്നു. പുറത്തെ പടിക്കെട്ടുകൾ ഇറങ്ങുമ്പോൾ പിറകിൽനിന്നയാൾ നീട്ടി വിളിച്ചുകൊണ്ട് ചാടിയോടി അരികിൽ വന്നു.

'എന്താദ് പറയാതെ പോന്നത്? ഒരു രാഗത്തിന്റെ ചില പിച്ചുകൾ ശരിയാവാത്തതിനാൽ ഞാനത് സംഗീതയോട് പറയുകയായിരുന്നു. നിനക്കറിയാമല്ലോ ഞാൻ തിരക്കിലാണെന്നത് ! ബാ ഒരു കോഫി കുടിക്കാം'

' വേണ്ട ഞാൻ പോകുന്നു '

എനിക്ക് മുറിഞ്ഞാൽ അപ്പോൾത്തന്നെ കൂട്ടി ത്തുന്നാൻ സാധിക്കില്ലായിരുന്നു. ചോര ഒഴുകിത്തന്നെ മൂടണമാ മുറിവുകളെല്ലാം.

ഞാനയാളെ തിരിഞ്ഞു നോക്കാതെ എന്റെ പറന്നു നിൽക്കുന്ന തൂവെള്ള വോയിൽ സാരിയിൽ പൊടിപറ്റിക്കാതെ തുമ്പുയർത്തിപ്പിടിച്ച് പടികൾ ഇറങ്ങിത്തീർത്തു. നിരത്തിലെത്തിയ ഞാൻ മുമ്പിൽക്കണ്ട ആസാമി ടീ സ്റ്റോളിൽക്കയറി ഒരു സ്ട്രോങ് ടീ ഓർഡർ ചെയ്തിട്ട് മൊബൈൽ തുറന്നതിൽ നോക്കിയിരുന്നു. ചൂടുചായ പതിയെക്കുടിച്ചിട്ടും എന്റെ നീറ്റലടങ്ങിയില്ല. അപ്പോഴാണ് സംഗീതയുമൊത്തയാൾ അവിടേക്കുതന്നെ കയറി വ



ന്നത്. ഞങ്ങൾ പരസ്പരം നോക്കി വീണ്ടും മുറിവേറ്റു. ഒരു നിമിഷം അയാളെ ഒന്നു നോക്കി സംഗീത വാഷ്റൂമിലേക്ക് നടന്നു, ബില്ലിൽ കൈയ്യിൽത്തടഞ്ഞ കാശെടുത്തുവച്ച് ബാക്കി വാങ്ങാതെ ഞാൻ പുറത്തേയ്ക്കും.

അയാളെന്റെ പേര് സൗമ്യമായി വിളിച്ചു കൊണ്ട് കയ്യിൽപ്പിടിച്ചപ്പോൾ കൗണ്ടറിലിരുന്ന പയ്യൻ പുരികംചുളിച്ച് ഞങ്ങളെ നോക്കി. അവനെന്റെ കണ്ണുകളുടെ ആഴത്തിലേക്കു നോക്കി. 'ഇയാൾ നിങ്ങളെ ഉപദ്രവിക്കുകയാണോ?' എന്ന ചോദ്യമവിടെ കലങ്ങി വന്നു. 'അല്ല 'എന്ന ശാന്തഭാവമണിഞ്ഞ് ഞാനവനെനോക്കിച്ചിരിച്ചു. പിന്നെ ബഹളമുണ്ടാക്കാതെ അയാളുടെ കൈ പിടിച്ചുമാറ്റിയശേഷം മെല്ലെ പുറത്തേക്കു നടന്നു.

ഞാനൊരു കലാകാരിയേ ആയിരുന്നില്ല. എന്തിന്, ധാരാളം പഠിച്ചെങ്കിലും പഠിച്ചതിലെല്ലാം പകിട്ടുണ്ടെങ്കിലുമൊരു തൊഴിലെന്നെ ആകർഷിച്ചില്ല. ആരുടെയും കീഴിൽ തൊഴിലെന്ന പേരിലെന്നെ പ്രതിഷ്ഠിക്കാനിഷ്ടമില്ലയെന്ന് ഞാൻ നടിച്ചു. എന്റെയപ്പൻറെ കൈയ്യിലെ പൂത്ത പണമായിരുന്നു ആ അബദ്ധത്തിനു പിന്നിലെന്നു പറയേണ്ടതില്ലല്ലോ! ചോദിക്കാതെ തന്നെ എനിക്കൊരക്കൗണ്ടും അതിൽ നിറയെ കാശും എന്നുമുണ്ടായിരുന്നു. തൊഴിലു വേണ്ടായെന്നു തീരുമാനിച്ചയെന്റെ ജീവിതത്തിലെ കഴിവുറ്റൊരു പാചകക്കാരിയുടെ ജനനമങ്ങിനെയായിരുന്നു.

അയാളോടൊത്തുള്ള ആദ്യ പകലിന്റെയൊടുക്കം ആദ്യമായി ഞാൻ പാചകവും ചെയ്തു. നല്ല എരിവിൽ പാതിവറുത്ത വലിയ കഷ്ണം കോഴിയിറച്ചി നനുക്കനെനീളത്തിൽ മുറിച്ചതിൽ പാൽക്കട്ടി തിരുകിയശേഷം ബേക്ക് ചെയ്തെടുത്തിട്ട് മുകളിൽ ചൂട് ചോക്ലേറ്റ് സിറപ്പ് നേരിയ ലയറായി ഒഴിച്ചതെല്ലാം ഒരു തോന്നലിലാണ്. ചോക്ലേറ്റ് ചിക്കനും ഒരുകപ്പ് ചൂട് കട്ടൻകാപ്പിയും വിളമ്പിക്കൊണ്ട് 'ഞാനൊരു കലാകാരിയേയല്ല നിങ്ങൾക്കു ചേരില്ല' എന്ന് പറഞ്ഞാ കൂടിക്കാഴ്ച്ചയും പാചകവും അവസാനിപ്പിക്കാമെന്നും കരുതി. അയാൾ അവിടെയൊരു മ്യൂസിക് കൺസേർട്ടിനെത്തിയതായിരുന്നു. എപ്പോഴോ ഒരു വാക്കിനാൽ കൊരുത്തവരായിരുന്നു ഞങ്ങൾ ആ വാക്ക് പിന്നെ മൊബൈലിലൂടെ നോക്കായി പിന്നെ കേൾപ്പായി അങ്ങനെയങ്ങനെ നേരിട്ട് കാണലിലെത്തിയതാണന്ന്. 'ആരു പറഞ്ഞു കലയില്ലെന്ന്? ഈ ഭക്ഷണത്തിലെന്ത് കലയാണെന്റെ കലാകാരി'

അന്നെന്റെ ചുണ്ടിന്റെ ചോക്ലേറ്റെറുവിൽ മധുരം നുണഞ്ഞതിന്റെ മുപ്പത്തിയൊന്നാം നാൾ ഞങ്ങൾ മധുവിധുവിനായി ലഡാക്കിലേക്കുപോയി. അതെന്റെയാഗ്രഹമായിരുന്നു. ലഡാക്കിലെ 'ലേ' ജില്ലയിലെ നദീതീരങ്ങളുടെ മായക്കാഴ്ച്ചകൾ വായനയിലൂടെയെന്നെ ആവാഹിച്ചിരുന്നു. ഇൻഡസും ഷൈയോക്കും നുബ്രയും എന്നെ മാടി വിളിച്ചു. അവിടുന്ന് ടിബറ്റിലേ ബുദ്ധവിഹാരങ്ങളിലേയ്ക്കും പോകണമെന്നു ഞാനാഗ്രഹിച്ചു. ആഗ്രഹങ്ങളൊന്നുമയാൾ സാധിക്കാതിരുന്നില്ല. അവിടുണ്ടായിരുന്ന ഓരോ ഇരവു പകലുകളും ഞങ്ങൾ ശരീരംകൊണ്ട് തിമിർത്താടി. തണുപ്പ്, ഉയരം, ചൂടുപലഹാരങ്ങൾ, പലതരം മനുഷ്യർ, യാത്രയുടെ ഉണർവ്വ്, രതി എല്ലാം ഞങ്ങൾ ഇഷ്ടപ്പെടുന്നതായിരുന്നു. തിരികെയെത്തിയതോടെ പാചകം ജീവിതത്തിലെ ഏറ്റവുംവലിയ തൊഴിലായിത്തീരുകയും ചെയ്തു.ശമ്പളക്കമ്മീഷൻ വീടുകളിലേക്ക് തിരിഞ്ഞു നോക്കാത്തയാ വിശിഷ്ടമായ തൊഴിൽ.

ആ ആശുപത്രി വരാന്തയിലെ ഇരുപ്പ് അസഹ്യമായിരുന്നു. തനിയെ എന്നതൊരിക്കലും എനിക്കിഷ്ടമില്ലായിരുന്നു. തനിയെ ആശുപത്രിയിലെത്തുമ്പോഴെല്ലാം മരിച്ചുപോയ അച്ഛനെ ഞാനോർത്തു. ഒരിഞ്ചെക്ഷൻ വയ്ക്കുമ്പോൾ പോലും മുറിക്ക്പുറത്ത് എല്ലാ ജോലിയും മാറ്റിവച്ചുവന്ന് വേവലാതിയോടെ നിന്ന അച്ഛനെ. മകൾക്കു വേദനിച്ചപ്പോഴെല്ലാം വേദനിപ്പിച്ചവരെ മുൻപിൻ നോക്കാതെ തിരികെ ഒച്ചവച്ച് വേദനിപ്പിച്ച ആ മനുഷ്യന്റെ നിഷ്കളങ്കതയെ. സീറോസിസ് വന്ന് എരിഞ്ഞുപോയ കരളുമായി വയറിനുള്ളിൽ വെള്ളംകെട്ടി നിറഞ്ഞ് ഹൃദയം പൊട്ടിമരിച്ചപ്പോൾ എഴുകടലകലെനിന്നും ഓടിയെത്താനാകാതെ കുഴഞ്ഞുപോയ എന്നെ ഞാൻ വേദനയോടെ ഓർത്തു. തിരികെ നൽകാനാകാത്ത സ്നേഹത്തിന്റെ എത്ര കടങ്ങളാണ് സ്നേഹമഭിനയിക്കുന്നവർക്കുവേണ്ടി നശിപ്പിച്ചുകൊണ്ട് ഈ ജൻമം തന്നെ തീർന്നു പോകുന്നത്! പുതിയ കോവിഡിന്റെ തരംഗവുമായി ഒരുപറ്റം ആളുകൾ ഇൻഹേലറുകളിൽ മരുന്നു വലിക്കുന്നത് പരിശീലിക്കുന്നു. ക്ഷമാപൂർവ്വം അത് പരിശീലിപ്പിക്കുന്ന നഴ്സ് നീല മുഖാവരണം അണിഞ്ഞിരുന്നു. അവരുടെ ഊതനിറമുള്ള മുഖം വിയർപ്പണിഞ്ഞു ചുവന്നുനിന്നു.

ഞാനവരെത്തന്നെ ഉറ്റുനോക്കിയിരുന്നു. എനിക്കപ്പോൾ ക്യാൻസർ വാർഡിൽ കീമോ കഴിഞ്ഞ് ഇതേപോലെ തനിയെ ഇരുന്നേക്കാ

വുന്ന എന്നെ ഓർമ്മവന്നു. കൂടെയാരുമില്ലാതെ എന്നും തനിയെയായിപ്പോകുന്ന ഞാൻ ഒരിക്കലേ കൂടെ വരാത്തതിൽ പരിഭവിച്ചുള്ളൂ. 'ഈ നശിച്ച തിരക്കിൽപ്പെട്ട് ഞാൻ വലയുകയാ, എന്നെയെന്താ ആരും മനസ്സിലാക്കാത്തത് ' എന്നയാൾ ദേഷ്യം കൂട്ടിയപ്പോൾ ഞാൻ ഒന്നും പറയാതെ പിന്തിരിഞ്ഞു. വെറുതെയപ്പോൾ നൂറടിച്ചറെ ഓർമ്മ വന്നു. 'എന്തൊക്കെത്തിരക്കിലാന്നു പറഞ്ഞാലും ഒന്നടുത്തിരിക്കാനും ചുമ്മാ ചേർത്തു പിടിക്കാനും നിനക്ക് ഞാനില്ലേയെന്ന് പറയാതെ പറഞ്ഞുകൊണ്ട് കൂടെ വരാനും കൂടിയുള്ളതാണ് ബന്ധങ്ങൾ, അല്ലാത്തവയൊക്കെ വെറും അഭിനയങ്ങളല്ലേ മോളെ, തിരക്കാർക്കാ ഇല്ലാത്തത്? ഏറ്റവും അടുപ്പമുള്ളവരുടെ സന്തോഷത്തിലും ദുഃഖത്തിലും പങ്കുചേരാത്തവർ മനുഷ്യരാകുന്നതെങ്ങനെ? അല്ലെങ്കിലാ ഇഷ്ടം കള്ളമാണ്. നമുക്കായി മാറ്റിവയ്ക്കാനും ചില തിരക്കുകൾ വേണം, അതല്ലേ നിന്നെക്കാണാൻ തിരക്കെടുത്ത് മാറ്റിവച്ച് ഞാനോടിവന്നത്'. ടീച്ചർ ചിരിച്ചുകൊണ്ടെന്നെ ഓമനിച്ചുപിടിച്ചടുപ്പിച്ച് നെറ്റിയിൽ ഉമ്മ തന്നു. ഓരോന്നോർത്തിങ്ങനെ എന്തിനും ഏതിനും വേദനിക്കുന്ന ഉള്ളമായിരുന്നു എന്നത്തേയും എന്റെ പരാജയവും.

ഡോക്ടറുടെയടുത്തേക്ക് കയറാതെ എന്റെ കൈയ്യിലിരിക്കുന്ന മൂവായിരത്തിതൊള്ളായിരത്തി അറുപത് രൂപയുടെ റിസൽട്ട് കൈയ്യിലിട്ടു ഞെരിച്ചുകൊണ്ട് എഴുന്നേറ്റു നടന്നു. കുറച്ചപ്പുറം അടഞ്ഞിരുന്ന വേസ്റ്റ് ബിന്നിലേക്കവ തിരുകിയിട്ടശേഷം പതിയെ പാർക്കിങ് ലോട്ടിലേക്ക് തിരിഞ്ഞു. ഉച്ചവെയിൽ ഒരു ദയവുമില്ലാതെ എന്റെ കൈത്തണ്ടയും കഴുത്തും പൊള്ളിയടർത്തിക്കൊണ്ടിരുന്നു. ഉരുകുന്ന മണൽത്തിട്ടയ്ക്കടുത്തിരുന്ന് വെയിലുകൊണ്ട് കൂടുതൽചുവന്ന സ്കൂട്ടർ അക്ഷമയോടെ എന്നെ വിളിച്ചു 'ഒന്നു വേഗം വന്നുകയറ് വെയിലു കൊണ്ട്ഞാൻ ചാവാറായി'. തിരികെ വണ്ടിയോടിക്കുമ്പോൾ കൈഞരമ്പുകൾക്കിടയിലൂടെ അസ്ഥികൾ വല്ലാതെ വേദനിച്ച് ഞെരുങ്ങി. ചില തീരുമാനങ്ങൾ തലയിലും.

അതിവേഗത്തിലോടുന്ന ട്രയിനിലിരുന്ന് മൊബൈലെടുത്തു. വാട്സാപ്പിൽ എത്രയോവട്ടം കൈകുത്തിയ ആ പേരിൽ തൊട്ട് അതിലേക്കെഴുതി. 'നല്ലജീവിതം നേരുന്നു. ഞാൻ തിരക്കുകളില്ലാത്തൊരിടത്തേക്ക് പോകുന്നു 'പിന്നെ ഒരു നിമിഷമതിലേക്ക് നോക്കിയിരുന്നു. എനിക്ക് വല്ലാതെ വേദനിച്ചു. സന്ദേശം പച്ച ആരോയിൽ ഞെക്കിയയച്ചു. പിന്നെ പുറത്തേക്ക് നോക്കിയിരുന്നു. താളത്തിലോടുന്ന ട്രെയിനിലേക്ക് കാറ്റോടിയോടി വന്നെന്നെ ചേർത്തണച്ചുകൊണ്ടിരുന്നു. പുറത്തേക്ക് കൈനീട്ടി ആ മൊബൈൽ താഴേക്കിട്ടു. എവിടേക്കോ അത് കൈയ്യിൽനിന്നും എന്നേയ്ക്കുമായി ഊർന്നുപോയി. തിരിഞ്ഞു നോക്കിയപ്പോൾ അയാൾ ഇളം മഞ്ഞ ടീഷർട്ടും ചാരനിറമുള്ള കാപ്രിയുമണിഞ്ഞ് എന്റെ അരികിലിരിപ്പുണ്ടായിരുന്നു! എന്റെ പകപ്പിലേക്ക് ചിരിയോടെ 'ഞാനും മൊബൈൽ കളയണോ?'അയാൾ കളിയാക്കുകയാണ്.

'നമുക്ക് ടിബറ്റിലേക്കു പോണോ? അതോ പുതിയൊരിടത്തേക്കു വേണോ?' എനിക്കെന്തോ പോലെ തോന്നി. എന്തു പറയണം?

'നിന്റെ മെഡിക്കൽ റിസൽട്ടുകൾ ഞാൻ ശ്യാമുമായി ഡിസ്കസ് ചെയ്തിരുന്നു ഞാനത് മെയിലിൽ നിന്നുമെടുത്തിരുന്നു. വലിയ കോംപ്ലിക്കേഷൻസൊന്നുമില്ല. നീ അവിടെ ചെന്നില്ലയെന്നവൻ പറഞ്ഞു. എന്തൊക്കെയാണേലും എന്നോടു പറയാതെ പോകാൻ ശ്രമിച്ചതത്ര ശരിയായില്ല, നോക്ക് എനിക്ക് പരിമിതിയുണ്ട് പോരായ്മകളും. എന്നാലും നിന്റെ മുഖം ശരിക്കുവാടിയാൽ എനിക്കറിയാമെന്നു മാത്രം നീ തിരിച്ചറിയാതെ പോയി.'

സത്യമായിട്ടും എനിക്കതറിയില്ലായിരുന്നു.

'ഞാനൊരു പുരുഷനാണെന്നു മറക്കരുത് കേട്ടോ, സത്യം പറയട്ടെ, ഞങ്ങൾക്ക് ഒരിടത്തൊതുങ്ങി ഒരുവളെ മാത്രം ഭജിച്ച് ജീവിക്കാനാകില്ല. അറ്റ്ലിസ്റ്റ് ഞാൻ നിന്നോടുള്ള എന്റെ ജീവിതംകൊണ്ടുള്ള പ്രോമിസ് തെറ്റിച്ചിട്ടില്ല എന്നറിയണം. വേറൊരുവളേയും കൊണ്ട് ഞാനെവിടെയും പോയി നമുക്കുശേഷം രതിയിലേർപ്പെട്ടിട്ടില്ല.'

അതു ചെവിയോടു ചേർന്നിരുന്നു പറഞ്ഞിട്ടയാൾ ചുറ്റുമുള്ളവരത് കേട്ടോയെന്ന് കണ്ണുകൾ തിരിച്ചൊന്നു ചുറ്റിനുംനോക്കി.

പക്ഷേ ഞാൻ ..'

'ഇപ്പോ നിനക്കു തനിയെ പോണോ? പൊയ്ക്കോളൂ, പക്ഷേ എനിക്കു മാത്രമായി ഒരു നല്ലജീവിതം നേരരുത് പ്ലീസ്'

സത്യമാണ് പറയുന്നതെന്നു തോന്നിയാൽപ്പിന്നെ ചില പെണ്ണുങ്ങൾക്കു പിന്നിലെ പതിനേഴോ അമ്പത്തേഴോ വർഷങ്ങളിലെ ആശങ്കകൾ ഒരു നിമിഷം കൊണ്ടവസാനിപ്പിക്കുന്ന ഏതോ മാജിക്കു ചേർത്താപ്പുരുഷൻ തെല്ലുറക്കെച്ചിരിച്ചുകൊണ്ടിരുന്നു. അല്ലേലും മണ്ടികളാണ് പെണ്ണുങ്ങൾ.

●

# മായ്ച്ചിട്ടും മായാതെ





സബിത രാജ്

അടുത്തിടെ നടന്ന രണ്ട് സംഭവങ്ങളാണ് ഈ എഴുത്തിനാധാരം. കോലഞ്ചേരിയിലെ ഒരു കോളേജിൽ പാടാനെത്തിയ ജാസിഗിഫ്റ്റ് എന്ന ഗായകന്റെ കയ്യിൽ നിന്ന് മൈക്ക് പിടിച്ച് വാങ്ങുകയും പരിപാടി തടസ്സപ്പെടുത്തുകയും ചെയ്തത് ആ കോളേജിന്റെ തലപ്പത്തിരിക്കുന്ന നല്ല വിദ്യാഭ്യാസമുള്ള ഒരു സ്ത്രീയാണെന്നത്

തീർത്തും അത്ഭുതപ്പെടുത്തുന്ന ഒന്നായിരുന്നു. വിവരവും വിദ്യാഭ്യാസവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് അവരുടെ പ്രവൃത്തിയിലൂടെ അവർ തെളിയിച്ചു.

ഒരുപക്ഷെ ജാസിഗിഫ്റ്റിന് പകരം മറ്റൊരു പ്രമുഖ ഗായകനോ ഗായികയോ ആണെങ്കിൽ അവരത് ചെയ്യില്ലെന്ന് നൂറുശതമാനം ഉറപ്പാണ്.

ജാതിയുടെയും നിറത്തിന്റെയും പേരിൽ അദ്ദേഹം മുൻപും അപമാനിക്കപ്പെട്ടിട്ടുണ്ടാവും.

ഇവിടെ ആ സ്ത്രീ ചെയ്ത പ്രവൃത്തി അദ്ദേഹത്തെ എത്രത്തോളം വേട്ടയാടിയിട്ടുണ്ടാവും?

അത് മനസ്സിലാക്കിയിട്ടു തന്നെയായിരിക്കണം ആ കോളേജ് പ്രിൻസിപ്പൽ മാപ്പ് പറഞ്ഞത്. ആ സംഭവം നടന്നിട്ട് അധിക ദിവസം ആയിട്ടില്ല. അപ്പോഴാണ് സത്യഭാമ എന്ന നൃത്താദ്ധ്യാപിക കൂടിയായ സ്ത്രീ മോഹിനിയാട്ടത്തെ പറ്റി പറഞ്ഞ് ചാലക്കുടിയിലെ ഒരു കലാകാര



നിലേക്ക് എത്തുന്നത്. കേൾക്കുന്ന ആർക്കും മനസ്സിലാവും അത് ആർ.എൽ.വി രാമകൃഷ്ണനെ പറ്റിയാണെന്ന്. പിന്നീടവർ സംസാരിച്ചത് ഏറ്റവും നികൃഷ്ടമായ ഭാഷയിലാണ്.

അദ്ദേഹത്തിന്റെ നിറത്തെയും രൂപത്തെയും പറ്റി അങ്ങേയറ്റം പുച്ഛത്തോടെയും വെറുപ്പോടെയും അവർ തന്റെ വാക്കുകൾ, നിലപാടുകൾ ഒരു മാധ്യമത്തിന് മുന്നിൽ കുടഞ്ഞിടുമ്പോൾ ചിന്തിച്ചുപോയത് അവർക്ക് എവിടുന്ന് കിട്ടി ഇത്ര ധൈര്യം എന്നാണ്.



ഒരു മനുഷ്യനെ നിറത്തിന്റെ പേരിൽ അധിക്ഷേപിക്കാൻ അവർക്കാരാണ് ധൈര്യം കൊടുത്തതെന്ന ചിന്തയുടെ ഉത്തരം നമ്മിലേക്ക് തന്നെ വിരൽ ചൂണ്ടുന്നുണ്ട്. കറുപ്പിനോട് വല്ലാത്തൊരു തരം വിദ്വേഷം അവർ സൂക്ഷിച്ചു വരുന്നുണ്ടെന്ന് അവരുടെ വാക്കുകളിൽ വ്യക്തം.

മോഹിനിയാട്ടം മോഹിനിമാർ /സൗന്ദര്യമുള്ള പുരുഷന്മാർ മാത്രം ചെയ്താൽ മതിയെന്ന്,

വെളുപ്പാണ് സൗന്ദര്യം എന്ന് കാലങ്ങളായി മനസ്സിൽ കുത്തി നിറച്ച് കൊണ്ടുനടക്കുന്ന വിഷം എന്ന് തന്നെ പറയട്ടെ പുറത്ത് വന്നത് അവർ പോലും അറിയാതെ ആവാൻ വഴിയില്ല.

അത് അവരുടെ മനസ്സിൽ പതിഞ്ഞു പോയ അന്ധവിശ്വാസത്തിന്റെ കരടാണ്.

അവർക്ക് മുന്നിൽ നൃത്തം പഠിക്കാൻ വരുന്ന കറുത്ത നിറമുള്ള കുട്ടികളോട് നിങ്ങൾ മത്സരത്തിന് പോകരുത് എന്ന് ഗുരു തന്നെ പറയുന്നു.

കലയോടുള്ള ഇഷ്ടം കൊണ്ട് അവരുടെ മുന്നിൽ വളരെ അധികം പ്രതീക്ഷയോടെയും സ്വപ്നങ്ങളോടെയും എത്തിയ എത്ര കുഞ്ഞുങ്ങളെ അവർ നിറത്തിന്റെ പേരിൽ ആക്ഷേപിച്ചിട്ടുണ്ടാവും ?

അതിലെത്ര കുഞ്ഞുങ്ങൾ കലയോടുള്ള ഇഷ്ടം ഉപേക്ഷിച്ച് നിറത്തിന്റെ പേരിൽ അവിടെ മാറ്റി നിർത്തപ്പെട്ടതിന്റെ അപമാനഭാരവും പേറി ഇന്നും ജീവിക്കുന്നുണ്ടാവും ?

ജീവിതകാലം മുഴുവൻ വേട്ടയാടുന്ന ട്രോമയിലേക്ക് എത്ര കുഞ്ഞുങ്ങൾ നിലതെറ്റി വീണിട്ടുണ്ടാവും.

പറഞ്ഞു പോയ തെറ്റു തിരുത്താൻ അവർക്ക് ഒന്നല്ല ഒരുപാട് സാഹചര്യങ്ങളുണ്ടായിരുന്നു. എന്നിട്ടും അസഭ്യമായി സംസാരിച്ചുകൊണ്ട് തന്റെ നിലപാടുകളിൽ ഉറച്ചു നിൽക്കുന്നു അവർ.

ഇപ്പോഴും ഇവിടെ നിലനിന്നുപോകുന്ന ജാതി - വർണ്ണ വെറിയുടെ പ്രത്യക്ഷത്തിലെ ഇരകളായിരുന്നു ജാസിഗിഫ്റ്റും , രാമകൃഷ്ണനും.

വിദ്യാഭാസത്തിലും കഴിവിലും മറ്റുള്ളവരെക്കാൾ ഒരുപാട് മുന്നിൽ നിൽക്കുന്നവർ.

അതൊന്നും കാണാതെ, കാണാൻ ശ്രമിക്കാതെ അവരെ അവരുടെ നിറത്തിന്റെ -ജാതിയുടെ പേരിൽ ആക്ഷേപിക്കുന്നതും പരിഗണിക്കാതിരിക്കുന്നതും എത്ര വലിയ തെറ്റാണെന്ന് പലരും അറിയുന്നില്ല.

പ്രബുദ്ധമലയാളികൾ എന്ന് അഭിമാനിക്കുമ്പോഴും ഇവിടെ കാലങ്ങളായി നിലനിൽക്കുന്ന വർണ്ണവെറിയുടെ നേരിയ ഒരു പ്രതിഫലനം മാത്രമാണ് ഈ രണ്ടു സംഭവങ്ങൾ എന്ന് പറയേണ്ടി വരും. സൗന്ദര്യം എന്നത് തൊലി നിറത്തിന്റെ തെളിച്ചത്തിലാണെന്ന് വിശ്വസിക്കുന്നവരാണ് ബഹുഭൂരിപക്ഷവും.

അല്ലെങ്കിൽ ഇവിടെ നിറം വർധിപ്പിക്കാനുള്ള ഇത്രയും ഫേസ് ക്രീമുകളും മറ്റു സൗന്ദര്യവർദ്ധക വസ്തുക്കളും വിറ്റുപോകില്ല.

ചാനലുകളിൽ നിറയുന്ന പരസ്യങ്ങളിൽ വെളുത്ത് സുന്ദരി/സുന്ദരനാവാൻ മകളോട് /മകനോട് പറയുന്ന അമ്മയും അച്ഛനും മക്കൾക്ക് അതിനുള്ള സോപ്പോ ക്രീമോ വെച്ചു നീട്ടുന്ന പരസ്യങ്ങൾ

വിളിച്ച് പറയുന്നതും ഇതേ രാഷ്ട്രീയമാണ്.

പ്രത്യക്ഷത്തിൽ അവയെ തിരിച്ചറിയുന്നില്ലെന്ന് മാത്രം.

കറുപ്പിനോട് അന്നും ഇന്നും എന്നും സമൂഹം വെച്ചുപുലർത്തുന്ന ഒരുതരം വൃത്തികെട്ട കാഴ്ചപ്പാട് രണ്ടായിരത്തി ഇരുപത്തിനാലിലും മായാതെ മങ്ങാതെ നിൽക്കുന്നുണ്ടെങ്കിൽ, അത് ഇവിടെ സാധാരണ മനുഷ്യരിൽ പോലും ഉണ്ടാക്കിവെച്ച സ്വീകാര്യത എത്രയെന്ന് ആലോചിച്ച് നോക്കൂ.

ജാസിഗിഫ്റ്റിനേയും ആർ എൽ വി രാമകൃഷ്ണനെനയും പിന്തുണച്ച എത്ര മനുഷ്യർ ഹൃദയത്തിൽ തൊട്ട് പറയും നിങ്ങളിൽ ആ

ഒരു വിവേചനം ചിന്തകളിൽ പോലും ഉടലെടുത്തിട്ടില്ല എന്ന്?

പ്രസവമുറിയുടെ പുറത്ത് കുഞ്ഞിന്റെ നിറം നോക്കുന്ന മനുഷ്യരുള്ള ലോകത്താണ് നമ്മൾ ജീവിക്കുന്നത്.

അച്ഛനും അമ്മയും കറുത്തിട്ടാണെങ്കിൽ അവരുടെ കുഞ്ഞുങ്ങളും കറുത്ത് പോകും എന്ന്. എന്തൊരു വലിയ ആഭാസമാണ് ആ വാക്കുകളിൽ നിറഞ്ഞ് തൂവുന്നത്.

പ്രായവും പക്വതയുമുള്ള ഒരാളിൽ നിന്നും വരുന്ന വാക്കുകളാണിവ.

ലജ്ജാവഹം അല്ലെ ?

സമൂഹത്തോട് അത് വിളിച്ചു കൂവുമ്പോഴും സ്വയം അഭിപ്രായസ്വാതന്ത്ര്യം എന്ന് ന്യായീകരിക്കുമ്പൊഴും തീർത്തും സ്വാഭാവികമായത് എന്തോ ആണ് അവർ പറഞ്ഞത് എന്ന



ചിന്ത അവരിൽ നൂറുശതമാനം ഉണ്ട്.

സമൂഹത്തെ അവർ തീർത്തും തള്ളികളയുന്നു.

കാരണം സമൂഹവും ഒരു പരിധിവരെ അതിൽ പങ്കാളികൾ ആണ്.

കറുത്ത നിറത്തിൽ ജനിക്കുന്നത് വലിയൊരു അപരാധമായി കാണുന്ന മനുഷ്യർ.

വിവാഹം കഴിക്കുകയാണെങ്കിൽ പോലും വെളുത്ത പെണ്ണിനെ / ചെറുക്കനെ മതി എന്ന് പറയുന്ന സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നത്.

അത് തിരിച്ചറിയാൻ അധിക ദൂരം സഞ്ചരിക്കണമെന്നില്ല. പത്രങ്ങളിൽ വരുന്ന വിവാഹപരസ്യങ്ങളിൽ വെളുത്ത - യുവതി/യുവാവ് എന്ന് കാണാം. ഒപ്പം ജതിവാലും.

എന്തിനെന്ന് അറിയുവോ ?

വെളുത്ത നിറമുള്ളവരെ മത്രമേ സ്വീകരിക്കൂ എന്നൊരു ധ്വനി അവിടെ ഒളിഞ്ഞ് കിടക്കുന്നു.

ഫാഷൻ മാഗസീനുകളും സിനിമയും പരസ്യങ്ങളും ഒക്കെ തിരയുന്നത് വെളുത്ത നിറമുള്ള മനുഷ്യരെയാണ്.

കറുത്ത നിറമുള്ള ഒരാളെ വെളുത്ത സ്ത്രീ വിവാഹം കഴിക്കുന്നത് അവളുടെ വിശാലമനസ്സ് കൊണ്ടാണ് എന്ന് വിഷം കുത്തിവെക്കുന്ന സീരിയലുകളും സിനിമയും ഉറക്കെ പറയുന്നുണ്ട്. ഇവിടെ നിലനിന്നുപോകുന്ന നിറത്തിന്റെ രാഷ്ട്രീയം.

അത് കണ്ട് കൈയ്യടിക്കുകയും ചിരിക്കുകയും ചെയ്യുന്ന സമൂഹമാണിത്.

വെളുത്തനിറത്തിന് ഇവിടെ കിട്ടുന്ന പ്രിവിലേജ് മനസ്സിലാവണം എന്നുണ്ടെങ്കിൽ പൊതുപരിപാടികളിലും മറ്റും വേദി കീഴടക്കുന്ന അവതാരക/അവതാരകനെ നോക്കിയാൽ മതി.

കലയിലും അതെ എന്ന് ഈ സ്ത്രീ അടിവരയിട്ട് പറയുമ്പോൾ, നിറത്തിന്റെ പേരിൽ ചൂഷണം ചെയ്യപ്പെടുന്ന അപമാനിക്കപ്പെടുന്ന മനുഷ്യർ ചുറ്റുമൊരുപാടുണ്ടെന്ന് കാണാം. അത് കറുത്ത നിറമുള്ള മനുഷ്യരെ പോലും വെളുക്കാൻ നിർബന്ധിച്ചുകൊണ്ടിരിക്കുന്നു.

പ്രേരിപ്പിച്ചു കൊണ്ടിരിക്കുന്നു. ഉള്ളിൽ നിറത്തിന്റെ പേരിൽ അപമാനിക്കപ്പെട്ട ബഹുഭൂരിപക്ഷവും അതിൽ വീണു പോകുന്നു.

ഉള്ളിലെ അപമാനഭാരം അവരെ അതിന് നിർബന്ധിക്കുന്നു എന്ന് വേണം പറയാൻ.

കാർമുകിൽ വർണ്ണനെന്ന സാക്ഷാൽ കൃഷ്ണൻ കറുപ്പാണെന്ന് ചൊല്ലിപ്പഠിക്കുന്ന നമ്മൾ മനുഷ്യരിലേക്ക് എത്തുമ്പോഴെന്തേ

കറുത്ത നിറമുള്ള മനുഷ്യരെ കാണുമ്പോൾ മുഖം ചുളിക്കുന്നത്?

എന്നിട്ടും ഭഗവാന്റെ നിറം ചിത്രങ്ങളിൽ നീലയും വെള്ളയും ആയത് എങ്ങനെയാവും?

പൊതുബോധം ഉണ്ടാക്കിവെച്ച സൗന്ദര്യ സങ്കല്പങ്ങളെ പൊളിച്ചെഴുതാൻ കഴിയാത്തത് കൊണ്ടാവും അല്ലെ ?

ഇനിയും മാറിയില്ലെങ്കിൽ...

എത്ര മായ്ച്ചാലും മായാത്ത ചിലത്...

എത്ര മനുഷ്യരിനിയും തൊലിയുടെ നിറം നോക്കി വേട്ടയാടപ്പെടുമെന്ന് ഭയന്ന് ഇവിടെ ജീവിക്കണം ?

ജാതി -മത -വർണ്ണ ചിന്തകളില്ലാതെ
മനുഷ്യരായിരിക്കുന്നതും വിപ്ലവമാണ്.

●



# അവനവൻ ലോകം



സുരേന്ദ്രൻ മങ്ങാട്ട്


എഴുപതു തികഞ്ഞ കെ.കെ.എസ്. കുമാർ എന്ന കൂട്ടുങ്ങൽ കൊച്ചു കുട്ടൻ മകൻ സുകുമാരൻ മരിച്ചത് പുലർച്ചെയാണ്. അതിരാവിലെ ചായയുമായി ഭാര്യ വിളിച്ചുണർത്താൻ നോക്കിയപ്പോഴാണ് ചൂടൊഴിഞ്ഞു തുടങ്ങിയ ശരീരം മരണത്തെ ബോധ്യപ്പെടുത്തിയത്. അരയേക്കർ വിസ്തീർണ്ണമുള്ള പറമ്പിന്റെ ഒത്ത നടുക്കുള്ള ആ വലിയ വീട്ടിൽ സുകുമാരനും ഭാര്യയും മകനും മാത്രമേ ഉണ്ടായിരുന്നുള്ളൂ. വളരെ അപൂർവ്വം മാത്രം വീടിന്റെ മുകളിലെ നിലയിൽ നിന്നും താഴേക്ക് ഇറങ്ങി വരാറുള്ള മകനെ മരണ വിവരമറിയിക്കാൻ അവന്റെയമ്മ ബുദ്ധിമുട്ടി. മരണ വിവരം നൽകിയ, മൊബൈൽ കയ്യിലെടുത്ത് ഉറക്കം പാതിമുറിഞ്ഞതിലെ അസ്വസ്ഥതയുമായി താഴെ അമ്മയ്ക്കരുകിലെത്തിയ ശേഷം, നിർവ്വികാരനായി കിടപ്പുമുറിയിൽ നിത്യനിദ്രയിലാണ്ട ശരീരം നോക്കി അവൻ നിന്നു.

എന്താണിനി ചെയ്യേണ്ടതെന്നോ ആരെയെങ്കിലും മരണവിവരം അറിയിക്കണമെന്നോ അവന് അറിയില്ലായിരുന്നു. ബന്ധുക്കളാരുമായി അടുപ്പമില്ലെങ്കിലും വകയിൽ ഒരു അമ്മാവന്റെ നമ്പർ അമ്മയുടെ കയ്യിലുണ്ടെന്ന് പറഞ്ഞപ്പോൾ അവനത് ഡയൽ ചെയ്ത്, സംസാരിക്കാൻ പറഞ്ഞു അമ്മയ്ക്ക് തന്നെ കൊടുത്തു. അവന് ദൂരെ താമസിക്കുന്ന അമ്മാവനെയും കൃത്യമായി അറിയില്ല. വെറുതെയിടയ്ക്ക് വിളിച്ച് കുശലാന്വേഷണം നടത്തുന്ന ശല്യക്കാരനായ ഒരു രക്ത ബന്ധുവാണെന്ന് അമ്മ പറഞ്ഞറിയാം എന്നു മാത്രം. കുഞ്ഞായിരിക്കുമ്പോൾ, അച്ഛൻ വിദേശത്തു പോകുന്നതിനു മുമ്പ് അകലെയുള്ള, അയൽ വീടുകളിലൊക്കെ അമ്മയോടൊപ്പം പോകാറുള്ളത് ഓർത്തെടുക്കാൻ അവൻ ശ്രമിക്കാറില്ല. ബാല്യം കടന്നപ്പോൾ

അയൽവീടുകളിലേക്കവനെ വിട്ടിരുന്നില്ല. അക്കാലത്താണ് സുകുമാരൻ പഴയവീട് പൊളിച്ചു മാറ്റി വലിയ ഇരുനിലവീട് പണിതത്. അയൽക്കാരെയാരെയും പരിചയമില്ലെങ്കിലും നാലഞ്ചു വർഷം മുമ്പ് കോളേജിൽ ഒപ്പം പഠിച്ചിരുന്ന രണ്ടു സുഹൃത്തുക്കളുടെ നമ്പർ അവന്റെ കയ്യിലുണ്ടായിരുന്നു.. കഴി

ഞ്ഞ വർഷം നഗരത്തിലെ ഒരു സ്ഥാപന ത്തിൽ കമ്പ്യൂട്ടർ ക്ലാസിൽ അവനൊടൊപ്പം ഉണ്ടായിരുന്നതു കൊണ്ട്, അവരുടെ നമ്പർ അവൻ താല്പര്യമില്ലെങ്കിലും സൂക്ഷിച്ചിരുന്നു. ആ രണ്ട് നമ്പറുകളിലും അവൻ വിളിച്ചു നോക്കിയെങ്കിലും ഫോണുകളിൽ നിന്നും മറുപടിയുണ്ടായില്ല.

ഫോൺ ചെയ്ത് അറിയിച്ച ദൂരെയുള്ള അമ്മാവൻ വരാമെന്ന് പറഞ്ഞെങ്കിലും നാലഞ്ചു മണിക്കൂർ സമയമെടുക്കുമെന്നദ്ദേഹം കൂട്ടിചേർത്തപ്പോൾ ഇനിയെന്തു ചെയ്യുമെന്നറിയാതെ അമ്മയും മകനും ചിന്താശൂന്യരായി.



മുപ്പത് വർഷത്തെ പ്രവാസജീവിതം കഴിഞ്ഞ് ധനാഢ്യനായി മടങ്ങിയെത്തിയ സുകുമാരൻ വലിയ ഇരുനില വീടും ഒരാൾ പൊക്കമുള്ള ചുറ്റുമതിലും പണിത്, കെ.കെ.എസ്.കുമാർ എന്നു ചുരുക്കിയപേര് മാർബിളിൽ കൊത്തി മതിലിൽ പിടിപ്പിച്ച്, സസുഖം പാർത്തു വരികയായിരുന്നു. ആഴ്ചയിലൊരിക്കൽ തന്റെ ആവശ്യത്തിന് ഡ്രൈവറെ വിളിച്ച് സ്വന്തം കാറിൽ പുറത്തേക്ക് പോയിവരവല്ലാതെ താൻ പണിതുയർത്തിയ ലോകത്തുനിന്നും താഴേക്ക് ഇറങ്ങിയിരുന്നില്ല സുകുമാരൻ.

ഭർത്താവിന്റെ മൊബൈലിൽ നിന്നും ഡ്രൈവറുടെ നമ്പറിൽ വിളിച്ച് അവർ, മരണവാർത്ത അറിയിച്ചപ്പോൾ വാഹനം ഓടിക്കുന്നതിന് വേണ്ടി മാത്രമേ ആ വീട്ടിൽ വരുനതിന് അനുവാദമുള്ളൂവെന്ന്അയാൾ വ്യക്തമാക്കി. തുടർ സംഭാഷണത്തിനിട കൊടുക്കാതെ ഫോൺ കട്ട് ആയി.

തീർത്തും ദുർഗ്രഹമായ ശൂന്യതയപ്പോൾ അവർക്ക് അനുഭവപ്പെടാൻ തുടങ്ങിയിരുന്നു.

അടുക്കള ജോലിക്ക്, പുറമേ കടയിൽ നിന്നു വാങ്ങിയ പായ്ക്കറ്റ് പാലും കൊണ്ട് എത്തിയ അടുക്കളക്കാരി മരണവിവരത്തെ നിസ്സംഗതയോടെയാണ് കേട്ടത്. കട്ടിലിൽ കിടക്കുന്ന ചേതനയറ്റ ശരീരം ഇറക്കി കിടത്തണമെന്ന് വേലക്കാരി പറഞ്ഞപ്പോൾ അമ്മയും മകനും മൂകരെപ്പോലെ പരസ്പരം നോക്കി. അയൽ വീട്ടുകാരെ അറിയിക്കേണ്ട കടമയുണ്ടെന്ന് ബോധ്യപ്പെടുത്തിയതും അക്ഷരജ്ഞാനം കുറഞ്ഞു പോയവൾ തന്നെ. അയൽക്കാരെ പരിചയമില്ലാത്തതിനാൽ മകൻ ആ കടമയിൽ നിന്നും പിന്മാറി. എന്നാൽ വേലക്കാരിയുടെ നിർബന്ധത്താൽ അച്ഛന്റെ ശരീരം കട്ടിലിനു താഴെ പുൽപ്പായയിൽ ഇറക്കി കിടത്താനായി അവരെയവന് സഹായിക്കേണ്ടിവന്നു. വാർദ്ധക്യസഹജമായ ചില ബുദ്ധിമുട്ടുകളുള്ളതുകൊണ്ട് പുറത്തേക്കിറങ്ങി നടക്കാൻ കഴിയാത്ത, നിസ്സഹായാവസ്ഥ സുകുമാരന്റെ ഭാര്യയും വേലക്കാരിയെ അറിയിച്ചു. തന്റെ ഫെയ്സ്ബുക്കിലും ഇൻസ്റ്റഗ്രാമിലും മരണവിവരം പോസ്റ്റ് ചെയ്തിട്ടുണ്ടെന്ന് പറഞ്ഞ് മകൻ ധാർമികമായ ഉത്തരവാദിത്വം നിർവ്വഹിച്ച ഭാവത്തിൽ നിന്നു, പിന്നെ പതിവ് സമയത്തുള്ള, ചൂടാക്കിയ പാൽ വേണമെന്ന് അമ്മയോട് അല്പം അസ്വസ്ഥനായി പറഞ്ഞു.

അടുക്കളയിൽ ഗ്യാസടുപ്പിനു മുകളിൽ പാൽപ്പാത്രം ചൂടു കൊണ്ടു , തിളച്ചു.

പകലിൽ, ഇളവെയിൽ പരക്കവേ, വേലക്കാരി ആ വലിയ വീടിന്റെ ഗേറ്റ് തുറന്ന് അയൽ വീടുകളിലേക്ക് നടന്നുപോകുന്ന സമയത്തും സുകുമാരന്റെ ശരീരം വെറും പുൽപ്പായയിൽ തണുപ്പിലേയ്ക്കരിച്ച്, അപരജീവികളെ കാത്തു കിടന്നു. ●

കഥ





ദിവ്യ സി ആർ

# വേദനയുടെ മുറിപ്പാടുകൾ

യാത്രകൾ എന്നെ ഒരിക്കലും ഭ്രമിപ്പിച്ചിട്ടേയില്ല. എങ്കിലും അത്യാവശ്യ കാര്യങ്ങൾക്കായുള്ള യാത്രകൾ അവഗണിക്കുവാൻ തരമില്ലല്ലോ. പതിവുപോലെ കെഎസ്ആർടിസി ബസ്സിനുള്ളിലേക്ക് യാത്രയ്ക്കായി കയറുമ്പോൾ ഏതൊരു യാത്രക്കാരനെയും പോലെ ഇരിക്കാൻ ജാലകത്തിന്നോരം ചേർന്നൊരു സീറ്റ്! അത് എന്റെയും ആഗ്രഹമായിരുന്നു. ബസ്സിൽ കയറി ആദ്യ സ്റ്റോപ്പിൽ തന്നെ എന്റെ മുന്നിലെ സീറ്റിലെ രണ്ടുപേർ എഴുന്നേറ്റു.

ആശ്വാസം!

ഇരിക്കാൻ ഞാൻ ആഗ്രഹിച്ചതുപോലെ ഇരിപ്പിടം കിട്ടി. അടുത്ത ഘട്ടം, പതിയെ ബാഗിനുള്ളിൽ നിന്നും മൊബൈൽ എടുക്കുകയെന്നതാണ്. പതിവ് ശൈലികൾ മാറ്റാതെ ഞാനും അതുതന്നെ ആവർത്തിച്ചു. നേരെ വാട്സാപ്പിലേക്ക് ചാടിക്കയറി. തുറന്നുനോക്കാത്ത ഗ്രൂപ്പ് മെസ്സേജുകൾ ചന്നം പിന്നം പെയ്തിറങ്ങി. തൊട്ടു താഴെ കൂട്ടുകാരിയുടെ കുറെ സന്ദേശങ്ങൾ!

കുടുംബ പ്രശ്നങ്ങളുടെ സങ്കടപ്പെരുമഴയിൽ നനഞ്ഞവൾ കരയുന്ന ഇമോജികളിൽ ചിരിക്കാൻ ശ്രമിക്കുന്നു. അവളുടെ സന്ദേശങ്ങൾക്ക് മറുപടി എഴുതാൻ നിന്നാൽ ഇന്ന് തീരില്ല.അവളെ വിളിക്കാൻ തന്നെ തീരുമാനിച്ചു.

‘ എന്താടീ പുതിയ പ്രശ്നം..?‘

‘ എന്നെയും കുട്ടികളെയും അവനിപ്പോൾ വേണ്ടെന്ന്.. കുടിക്കുമ്പോൾ ഞാനവന് രാക്ഷസിയാണല്ലോ.. പ്രേമം തലയ്ക്കുപിടിച്ച് വീട്ടുകാരെയും നാട്ടുകാരുടെയും വാക്ക് കേൾക്കാതെ ഇവന്റെ കൂടെ ചാടിയിറങ്ങിയ നിമിഷം ഓർക്കുമ്പോൾ...‘

അവൾ അങ്ങേ തലയ്ക്കൽ അലമുറയിടുവാൻ തുടങ്ങി.

ഞാനൊരു വിധം സമാധാനപ്പെടുത്താൻ ശ്രമിച്ചു.

' ഇല്ലെടാ, എനിക്കിനി വയ്യ! ഇവന്റെ കൂടെയുള്ള ജീവിതം മടുത്തു.'

' എങ്ങോട്ടെങ്കിലും ഇറങ്ങി പോകാൻ തോന്നുന്നു..'

'കുട്ടികളും കൊണ്ട് നീ എങ്ങോട്ട് പോകും..?'

എനിക്കുള്ളിലെ സദാചാര കുതുകിയുണർന്നു.

'എന്റെ മാത്രമല്ലല്ലോ കുഞ്ഞുങ്ങൾ. അവൻ നോക്കട്ടെ..എനിക്ക് വേണ്ട.'

' അല്ല.. എങ്കിലും ചെറിയ കുട്ടികളല്ലേ .. ഇളയവൾ മുലകുടി പോലും മാറിയിട്ടില്ല.'

'അവൻ നോക്കട്ടെ..'

'രണ്ടുദിവസം കുട്ടികളെ നോക്കിയാൽ തീരാവുന്ന അഹങ്കാരമേ അവനുള്ളൂ..'

എനിക്ക് അവളോട് അത്ഭുതം തോന്നി. അവൾ തന്റെ പ്രശ്നങ്ങളെക്കുറിച്ച് പറയുന്നു, പരിഭവിക്കുന്നു, പ്രതിഷേധിക്കുന്നു, ഒപ്പം പരിഹാരങ്ങളും കാണുന്നു.

ഈ പെണ്ണുങ്ങൾക്ക് ഒരു പ്രത്യേക കഴിവ് തന്നെ.!

' നീയെന്താ യാത്രയിലാണോ..?'

' അതെ. ഞാൻ വിളിക്കാം.'

ഫോൺ ബാഗിലേക്ക് മടക്കി കണ്ണുകൾ ചുറ്റുമുള്ള കാഴ്ചകളിലേക്ക് ഊളിയിട്ടു. മനസ്സ് മയങ്ങാനുള്ള തിടുക്കം കൂട്ടുന്നതുപോലെ..

'ടിക്കറ്റ്..ടിക്കറ്റ്..'

പൈസ കൊടുത്ത് ഇറങ്ങുവാനുള്ള സ്ഥലം പറഞ്ഞു.

പെട്ടെന്നാണ് എന്റെ കണ്ണുകളിൽ ആ കാഴ്ച വളരെ മനോഹരമായി തോന്നിയത്. അയാളുടെ ബട്ടണുകൾ തുറന്ന ഷർട്ടിനുള്ളിൽ, രോമങ്ങൾ നിറഞ്ഞ മാറിടത്തേക്ക് പറ്റിച്ചേർന്നു കിടക്കുന്ന താലിമാല.!

ആകാംക്ഷ നിറഞ്ഞ എന്റെ കണ്ണുകൾ കൗതുകത്തോടെ അയാളെ സൂക്ഷിച്ചുനോക്കി. പ്രത്യേകിച്ച് രോമാവൃതമായ മാറിടത്തിലേക്ക് ചായുന്ന ആ മനോഹരമായ താലിയെ!

അയാൾക്ക് നാൽപ്പതിനോടടുത്ത പ്രായം തോന്നുന്നു. സൗമ്യമായ  മുഖഭാവം.പരുക്കൻ ശബ്ദത്തിലെ 'ടിക്കറ്റ് ' വിളി.

എങ്കിലും... ആരുടേതാവും ആ താലി.?

അതും ഒരു പുരുഷൻ അണിയുന്നത്..?

വാത്സല്യനിധിയായ അമ്മയുടെ ഓർമ്മയ്ക്കായി കരുതിയതാകുമോ..? അതോ,  അകാലത്തിൽ പൊലിഞ്ഞുപോയ പ്രിയതമയുടെ ഓർമ്മകൾ..




എന്റെ ചിന്തകൾ ചൂടുപിടിക്കാൻ തുടങ്ങി. അയാളെ കുറിച്ച് അറിയുവാനുള്ള ആഗ്രഹം അനുനിമിഷം എന്റെ ഹൃദയദിത്തികളെ ഭേദിച്ചുകൊണ്ടേയിരുന്നു.

ഇടയ്ക്കിടെയുള്ള എന്റെ നോട്ടങ്ങൾ ആവർത്തിച്ചപ്പോൾ, അയാളിൽ നിന്ന് ഇടറി വീഴുന്ന നോട്ടങ്ങളായി അതെനിക്ക് തിരിച്ചു സമ്മാനിക്കാൻ തുടങ്ങിയിരിക്കുന്നു.

തിരക്കിൽ, കാറ്റിലിളകുന്ന ഷർട്ടിന്റെ ഒരു ഭാഗം തുറന്നു വച്ചത് പോലെ എനിക്ക് അഭിമുഖമായി നിന്നു.

' ഭഗവാനേ..!'

അയാൾ എന്നെ തെറ്റിദ്ധരിക്കുകയാണോ..? അല്ലെങ്കിൽ തന്നെ എന്റെ വാക്കു

കളും വരികളും തെറ്റിദ്ധരിപ്പിക്കപ്പെടുന്നുണ്ടെന്ന ഒരു പഴി ഈ അടുത്തായി കേൾക്കുന്നുമുണ്ട്.

' അല്ലയോ കണ്ടക്ടർ സുഹൃത്തേ, നിങ്ങളോ നിങ്ങളുടെ രോമാവൃതമായ മാറിടങ്ങളോ എന്നെ ഭ്രമിപ്പിക്കുന്നതേയില്ല. ആ താലി ! അതിന്റെ പിന്നിലെ ഞാനറിയാത്ത നിങ്ങളുടെ കഥകൾ.!

അത് തന്നെ വല്ലാതെ ആകർഷിക്കപ്പെടുകയാണ്. അതെനിക്കറിയണമെന്നുണ്ട്.

ആളുകൾ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ബസ്സിൽ അയാൾക്ക് ഒന്നടങ്ങി നിൽക്കുവാൻ പോലും സമയമില്ല. എങ്കിലും ഇടയ്ക്കിടെ കടന്നുപോകുന്ന ഓരോ തവണയും പാളി പോകുന്നൊരു നോട്ടം എന്നിലേക്ക് നീളുന്നുണ്ട്. അയാളിലെ കഥകളിലേക്ക് ക്ഷണിക്കുന്നത് പോലെ..

ഞാനൊരു മുറിഞ്ഞ പുഞ്ചിരി സമ്മാനിക്കുകയും ചെയ്തു. പെട്ടെന്നാണ് എനിക്ക് ഇറങ്ങാനുള്ള സ്ഥലം അടുക്കാറായെന്ന തിരിച്ചറിവ് എന്നിലുണർന്നത്.

അയാൾ അടുത്തേക്ക് വന്ന നിമിഷത്തിൽ അവസാന സ്റ്റോപ്പിലേക്ക് വീണ്ടും ടിക്കറ്റ് എടുത്തു. ഇത്തവണ അയാളുടെ കണ്ണുകൾ ശരിക്കും വിടർന്നു. തിരക്കുകൾ കുറഞ്ഞു കുറഞ്ഞുവരുന്നു. ബസ് ഗ്യാരേജിനുള്ളിലേക്ക് കടക്കുവാൻ തുടങ്ങി.

ഓരോ യാത്രികരും തങ്ങളുടെ യാത്രകളുടെ ദീർഘഭാരങ്ങളവശേഷിപ്പിച്ചിറങ്ങുവാനായി തിടുക്കം കൂട്ടി. കണ്ടക്ടർ തന്റെ ബാഗിനുള്ളിലെ പണവും ടിക്കറ്റ് റാക്കുമായി ബസ് വിട്ടിറങ്ങാനുള്ള ശ്രമത്തിലായിരുന്നു.

' ഹലോ..'

അയാളുടെ പിന്നാലെ ഞാനും കൂടി.

' ബാലൻസ് കിട്ടാനുണ്ടോ...'

'ഇല്ല .. എന്താ നിങ്ങളുടെ പേര്.?'

'അതുൽ'

'എന്തിനാണ് അതുൽ ഈ താലി കഴുത്തിൽ അണിഞ്ഞിരിക്കുന്നത്..?'

അപ്രതീക്ഷിതമായ ആ ചോദ്യത്തിൽ അയാളുടെ ഭാവം വളരെ പെട്ടെന്ന് മാറുന്നത് കണ്ടു.

സൗമ്യമായ കണ്ണുകളും മുഖവും എന്തോ മറക്കുവാനെന്നോണം പരതുന്നു. അയാൾ യാത്രക്കാരുടെ തിരക്കിനുള്ളിലേക്ക് ഊളിയിടാൻ ഭാവിച്ചിറങ്ങുമ്പോൾ വീണ്ടും എന്റെ ശബ്ദം ഉയർന്നു.!

'അതുൽ എന്താണ് എനിക്ക് മറുപടി നൽകാത്തത്...?'

'എന്താ നിങ്ങളുടെ പ്രശ്നം.? എന്തിനാ അവനെ ശല്യപ്പെടുത്തുന്നത്..?'

ഡ്രൈവറുടെ മുനയുള്ള ചോദ്യം എന്നെയും പിടിച്ചിരുത്തി.

' അതുൽ..' അറിയാതെ നീണ്ട വിരലുകൾ അവനോളം പോയി തിരികെ വന്നു .

'ഒത്തിരി സങ്കടങ്ങൾ പിന്നിട്ട ദുരന്തനാടകത്തിലെ നായകനാണവൻ. അവനെ അവന്റെ വഴിക്ക് വിട്ടേക്ക്..'

അതിനൊരു ആജ്ഞാശക്തിയുള്ളതു പോലെ..

'ഞാൻ അയാളെ ഉപദ്രവിക്കാനോ വേദനിപ്പിക്കാനോ അല്ലാ.. കഴുത്തിൽ ഒരു താലി കണ്ടു. അതിന്റെ അർത്ഥമറിയാൻ..' എന്തുകൊണ്ടോ എന്റെ ശബ്ദമിടറി.

'അകാലത്തിൽ വിട്ടുപോയ ഭാര്യയുടെ ഓർമ്മയ്ക്ക്..'

എന്റെ നിഗമനങ്ങൾ ശരിയായിരിക്കുന്നു!

ജീവിതം സ്വപ്നം കണ്ടവന്റെ വേദനയുടെ അടയാളങ്ങൾ അതങ്ങനെ അയാളുടെ ഹൃദയത്തിലെന്ന പോലെ ശരീരത്തെയും പുണർന്നിരിക്കട്ടെ..

തിരികെ ആ ബസ്സിൽ തന്നെയുള്ള എന്റെ യാത്രയിൽ അതുൽ എന്നെ നോക്കിയതേയില്ല, ഞാനും.!


പറയാതെ തന്നെ എനിക്ക് ഇറങ്ങാനുള്ള സ്ഥലത്തെ ടിക്കറ്റ് കയ്യിൽ തരുമ്പോൾ; അയാൾ നിഗൂഢമായി ഒളിപ്പിച്ചു വച്ചിരുന്ന വേദനയുടെ മുറിപ്പാടുകൾ ഞാൻ കണ്ടെത്തിയിരിക്കുന്നുവെന്ന് എന്റെ കണ്ണുകൾ അയാളോട് വിളിച്ചു പറഞ്ഞു കൊണ്ടിരുന്നു. ഇറങ്ങും മുൻപ് ഞാൻ അയാളെ വളരെയധികം ആരാധനയോടെ തിരിഞ്ഞു നോക്കി. ഇത്തവണ എന്റെ നോട്ടങ്ങൾ തെറ്റിദ്ധരിക്കപ്പെടുമോയെന്ന ഭയം എനിക്ക് അശേഷം ഉണ്ടായിരുന്നില്ല.

●

# നമുക്കിന്ന് മരിച്ചുപോയാലോ



സ്റ്റെല്ല മാത്യു



കവിത

പോവാം.
എങ്ങോട്ടു മരിക്കണം.
നമ്മുടെയിഷ്ടങ്ങളിലേക്ക് '
കാപ്പി ?
പുസ്തകക്കട
പുഴത്തീരം ?
കാട്?
കടൽ?
താഴ് വര
ചന്ത?
ഇതൊന്നുമല്ലെങ്കിൽ ഏതിടം?

നീല പൊന്നോളം തുളുമ്പുമവിടെ നിനക്കെന്തല്ലാം വേണം?
പലപല പൊത്തുകളിൽ ഞാനൊളിപ്പിച്ച നീല മഷിബട്ടൺസ്
തുന്നിയാലെത്തും നഗരത്തിലെ ഛായാപടമെ,
നിങ്ങൾക്ക് സ്വപ്നങ്ങൾ സാധ്യമാക്കുന്നിടത്തെ വാക്കുകളറിയോ?
ഹിമകണം നെറുകയിൽ തിളങ്ങും കവിതയുടെ തുടിപ്പിൽ എന്നെയുമടക്കാനറിയോ?
പണ്ടേ കുഴഞ്ഞുവച്ച
പാഴ് ചിന്താഭാരത്തെ
കണക്കു ക്ലാസ്സിലെ കണ്ണീരുമേശക്ക് വിട്ടുകൊടുത്ത്,
കൂർമ ധ്യാനകോശത്തിലേക്കൊടുങ്ങാനറിയുമോ?
കാഴ്ചയുടെ യുദ്ധക്കളങ്ങളിൽ, പൊരുതുന്ന
മനുഷ്യമുഖ തുരുത്തുകളും
നിശ്ശബ്ദമൂലകളിലെ സേനാപ്പെരുക്കങ്ങളും
കവർന്ന പുതുനാഴിക
വല വിരിച്ച
ചിലന്തിക്കണ്ണുകളെ
കുത്തിപ്പൊട്ടിക്കാനാവുമോ?

ഇനിയും സന്ധിയിലാവാത്ത ഈ
കവിതയോടെന്താണ്
പറയാനുള്ളത്?
നിനക്കെഴുതാമോ
ഇമയറിയാതെ നിന്റെ നനവിൽ ഞാൻ തണുത്ത നിമിഷം ആയിരം വർഷങ്ങളിലേക്കുള്ള നീലസൂര്യകാന്തം എന്നിൽ കടഞ്ഞു.
മൊഴിയാതെ നീലിച്ചയെന്നെ കയറിലൊടുങ്ങിയപ്പോയ ചകിരി വരകളെ പോൽ
പിരിച്ചെടുക്കണം തല്ലണം ഒടുക്കമില്ലാപാളങ്ങളിലിട്ട് വെറുതെ ഉണക്കണം.

അൽഭുതഭൂപടത്തിലെ,
വിസ്മയ വഴികളിലെ
വാക്കുകളുടെ ദുർമന്ത്രവാദിയെ,
ഉണരൂ.
യാത്ര ചോദിക്കൂ,

പുലരാറായി.
പോവേണ്ട.. നമുക്ക് ?
വാ..



# മുതല വേട്ട

പഴയ അത്തിമരം
ആറ്റിലേക്ക് ചാഞ്ഞ കൊമ്പ്
അക്കരെ നീന്താനൊരുങ്ങുന്ന
വിളറി മങ്ങിയ പകൽ!

താഴെ തിരയിളക്കുന്നു
അത്തിപ്പഴ മധുരം നുണഞ്ഞ്
തിടം വെച്ചൊരുൾച്ചുഴികൾ!

അവൻ പറഞ്ഞു തീരാത്ത
കഥകളിൽ
മുതല വേട്ടപ്പാടുകൾ
നീന്തി മറിഞ്ഞ മലക്കങ്ങളിൽ
വാലിട്ടടിച്ചുഴറിയ നോവുകൾ
മുതല മുട്ട വിരിയിച്ചെടുക്കാൻ
അടയിരുന്നു വെന്ത നാളുകൾ
പൈതൃകം വിരിഞ്ഞിറങ്ങിയ
ചോരക്കലി കുഞ്ഞുങ്ങൾ!

(ഈ പുഴയിപ്പോൾ ശാന്തം
ചില ഇളക്കങ്ങൾ
മുതലക്കുഞ്ഞുങ്ങൾ നീന്തൽ
പഠിക്കുന്നതാണ് )

ഇനി മുതലമട കാണണം
മട വീഴാച്ചങ്ങാത്തമാണല്ലോ
മുതലക്കണ്ണീരു പോൽ പുഴ
അടിതെറ്റാത,ടിയിലമർന്നവനും
വാക്കിൻ തുമ്പത്താടുന്ന നീയും!

ഇപ്പോൾ
ജലപ്പരപ്പിൽ അവന്റെ പുറത്തേറി
കരകാണാ ശരവേഗം പായുകയാണ്
ഹൃദയം മരക്കൊമ്പത്താണെന്ന്
പറഞ്ഞു നോക്കാമെന്നു മാത്രം!



യൂസഫ് നടുവണ്ണൂർ

# അദൃശ്യത



ഹാജറ.കെ.എം..

പാതി തുറന്നു വച്ച
 ജനൽപ്പാളികൾക്കപ്പുറം
എന്നും എപ്പോഴും ചില '
 കാഴ്ചകൾ കാത്തു കിടപ്പുണ്ടാവും...

 തകർന്നടിഞ്ഞു പോയ ചില
 സ്വപ്നങ്ങളുടെ
ചിതൽപ്പൊട്ടുകൾ...

ചില നേരങ്ങളിലെ
ഉള്ളുരുക്കങ്ങൾക്ക്
ആശ്വാസമേകാൻ
കാത്തു കിടക്കുന്നൊരദൃശ്യത..
.
ചെയ്ത തെറ്റുകൾ ഏറ്റു
പറയാനൊരു
 കുമ്പസാരക്കൂട്....

മരണത്തോളം
 നിരാശപ്പെടുമ്പോഴും
പ്രതീക്ഷയുടെ
 കെടാവിളക്കുകൾ
ഉയർത്തിക്കാണിക്കുന്നൊരൊറ്റ
 വെളിച്ചം...


ആരുമില്ലെന്നു
 തോന്നുമ്പോഴൊക്കെയും
ആരുടെയോ കാലൊച്ച
പതിയുന്നൊരിലയനക്കം....

ഉള്ളറയ്ക്കുള്ളിൽ
 അടയാളപ്പെട്ടു കിടക്കുന്ന
എന്തോ ചിലത്...
ആരോടും
 പങ്കുവയ്ക്കേണ്ടതില്ലാത്തവ.
ആർക്കും അറിയാത്തവ
.
ആത്മാവിന്റെ
അവകാശമോ
അഭയ കേന്ദ്ര മോ
എന്തോ ഒന്ന്....



കവിത

# ബേസിക് ബ്ലാക്ക്





രമാ പിഷാരടി

യാദവ! നിൻ നിറം കറുപ്പെങ്കിലും
മേഘനീലം മനോഹരമെങ്കിലും
ഭൂമിനീങ്ങുന്ന സഞ്ചാരപാതയിൽ
നീറിനിൽക്കും അമാവാസി നിൻ നിറം
മാധവ! നിൻ നിറമതേയെങ്കിലും
ശോകനീലിമയാണതിൻ രാശികൾ
ശ്യാമസുന്ദരനാണ് നീയെങ്കിലും
പ്രേമലോലം ഹൃദയമെന്നാകിലും
നീയറിയുക നിന്റെ വർണ്ണത്തിന്റെ-
ചാരുശില്പതലങ്ങൾക്കുമപ്പുറം
നിൻ നിറം ശ്വാസമറ്റ് വീഴുന്നിതാ-
നിൻ മനം ദുഃഖസാന്ദ്രമാകുന്നുവോ?
ആദിസത്യമത്, ഗോപപാലക!
കാലിമേയ്ക്കവെ നീ കണ്ടതാണത്.

നീ വരുമ്പോൾ നിലാവെന്ന് സന്ധ്യകൾ!
നീ ചിരിച്ചാൽ തളിർക്കുന്നു ദ്വാപരം!
നീ മുളംതണ്ട് കൈയിലേറ്റുമ്പോഴേ-
കാനനങ്ങൾ തളിർത്ത് പൂക്കുന്ന പോൽ
നിൻ വിരലിൽ പ്രപഞ്ചഗോവർദ്ധനം
നിന്റെ കണ്ണിൽ കടമ്പിന്റെ പൂവുകൾ
നിൻ ചിലമ്പിൽ തളർന്നോരു കാളിയം
നീ പുനർജനിപ്പിച്ച വസ്ത്രാഞ്ചലം
നീ മറച്ചോരു സൂര്യസന്ധ്യാമുഖം
നിന്റെയുള്ളിൽ കുചേലസ്നേഹഗൃഹം
എങ്കിലും കൃഷ്ണ നിൻ നിറക്കൂട്ടിന്
ചന്തമില്ലെന്ന് ചങ്ങലപ്പൂട്ടുകൾ
എങ്കിലും കൃഷ്ണ! നിന്റെ വർണ്ണത്തിന്
ഭംഗിയില്ലെന്ന് കണ്ണിന്നിരുൾമുറി.
പൂർണ്ണചന്ദ്രൻ തിളങ്ങുന്ന നിൻ മുഖം
ശ്യാമമേഘദ്യുതിയിൽ ജ്വലിക്കവേ
കാലദർപ്പണം കാട്ടുന്ന മായയിൽ
ഗോപബാലക, നീ ചിരിക്കുന്നുവോ?

# ബാന്ധവം



രഹസ്യങ്ങളുടെ മറക്കുട ചൂടി
വിളറിയ ആകാശവും
ഇടറാത്ത പാദങ്ങളുടെ രക്ഷകനായി
വരണ്ട ഭൂമിയും
കൈത്താങ്ങായി
ഒപ്പമുണ്ടായിരുന്നു!

അനാവൃതമായ ഉടലിന്റെ
നിഴൽ വേരുകൾ
മണ്ണിന്റെ ആഴത്തിലേക്ക്
പടർന്നിറങ്ങിയിരുന്നു!


ഹൃദയമിടിപ്പിന്റെ
വേലിയേറ്റത്തിൽ
പഞ്ചേന്ദ്രിയങ്ങൾ മുങ്ങിത്താണിരുന്നു!

നിശ്വാസങ്ങളുടെ കനൽക്കാറ്റിൽ
ചുട്ടുപൊള്ളുന്ന മണൽപ്പരപ്പിനപ്പുറം
തൃഷ്ണയുടെ ചുവപ്പുരാശി പടർന്ന
അസ്തമനസൂര്യൻ
കടലിനെയറിയാൻ
അരനാഴികനേരം മാത്രം ബാക്കി...!!



ലേഖ കാക്കനാട്ട്

# ദ്വന്ദം...





ജയപ്രകാശ് എറവ്.

സങ്കല്പ ലോകത്തിലേയ്ക്ക്
കുടിയേറിയത് അങ്ങനെയാണ്.
നിനവുകൾക്കപ്പുറം
വിശാലമായ ദൃശ്യഭംഗി.
ശ്വേതാംബരമണിഞ്ഞ സുരസുന്ദരികൾ.
ശ്യാമവർണത്തിലാണ്ട ഗന്ധർവ ജാലം .
ദ്വന്ദങ്ങൾ തൻ നിഴൽക്കുത്ത് അതിദ്രുതം,
സ്ഥലജലവിഭ്രാന്തി.

പറിച്ചുനട്ടപ്പെട്ടവന്റെ
നഷ്ടസ്മൃതികളിലാണ്ട്
ഞാനങ്ങനെ –
കാഴ്ചവസ്തു പോലെ...!
കുടിൽ മുതൽ കൊട്ടാരം വരെ
എന്ന ചൊല്ല് അസ്ഥാനത്ത്.
എല്ലായിടവും കമനീയം ,
മനോഹരം,
പൂക്കൾ ,
ഇതുവരെ കാണാത്ത കായ്കൾ.
സർവ്വസുഗന്ധമേകിയണയും
മന്ദമാരുത സ്പർശം.
ഹരിതാംബരകമ്പളം .
മേഘങ്ങൾ,
നക്ഷത്രങ്ങൾ,
നിലാവ്,
പച്ചില കൂട്ടങ്ങളെ പ്രണയിച്ച്
നീരാട്ടിന്നിറങ്ങുന്നു.
മധുരസ്വന തന്ത്രികൾ മീട്ടി പതംഗജാലം.

പൊതുയിടങ്ങളിൽ
ഭൂമിയിലെ അവകാശികളുടെ
ഘോഷയാത്ര .

ലോകമെത്ര സുന്ദരം .
എന്റെയിരിപ്പിടം,
ചിന്ത,
ആകുലതകൾ,
വിശപ്പ് ,
ദാഹം,
സുരക്ഷിതം.

നിലാവിന്റെ തറ്റുടുത്ത്
ഇരുട്ടിന്റെ മൗനവും പേറി
സമാധാനത്തിന്റെ ചുവടുമായ്
വൃക്ഷച്ചുവട്ടിലേക്ക്
ഒഴുകിയെത്തുകയാണിപ്പോൾ
സ്വപ്നലോക രഥയാത്ര.

# യുദ്ധത്തിന്റെ നിറങ്ങൾ



സിന്ധു ഗാഥ

കവിത

ഒരു വാക്കിന്റെ തെറ്റ്
തോക്കിന്റെ ഒച്ചയായി
ചോരക്കു ചോരയെന്ന
കത്തിയുടെ നിലവിളി

പോർവിളി കരയേയും
കടലിനേയും വാനത്തേയും
പ്രകമ്പനം കൊള്ളിച്ചു
വൻകരകൾ ചോരയിൽ
കുളിച്ചു തോർത്തി

അതിർത്തിയിൽ
പൂക്കുന്ന പൂക്കളുടെ
നെഞ്ചിൽ തെറിച്ചു
വീഴുന്ന ചോരക്കറ
കഴുകുവാൻ ഇടമുണ്ടോ?

നടുക്കം മാത്രം
കേൾക്കുന്ന കാതുകൾ

നാളെ വെടിയേറ്റു
കരിയുവാനായി...

തീതുപ്പി കരിഞ്ഞുപോയ
ഇലഞരമ്പുകളിലൂടെ
പകയുടെ പാച്ചിലാണ്
കണ്ണീരുപ്പിന്റെ രുചിയാണ്

രക്തക്കളത്തിൽ വഴുക്കി
വീഴുന്ന നിഴലുകൾ

കപാല സംഗീതത്തിന്
കബന്ധങ്ങളുടെ അകമ്പടി

മണ്ണെത്തകളിൽ ഉറ്റവരെ
കണ്ണീരോടെ തിരയുന്നവർ

മരണമണം
പിടിക്കുന്ന കാറ്റുകൾ

എല്ലാം നഷ്ടപ്പെട്ടവരുടെ
കൂട്ട പലായനം

യുദ്ധത്തിന്റെ നിറമെന്താണ്?
ചുവപ്പോ?
കറുപ്പോ?

ഇതൊന്നുമറിയാതെ
ഇന്നു പിറന്നു വീഴുന്ന
പിഞ്ചുപൈതങ്ങളുടെ
ചെഞ്ചൊടിയിൽ
നിന്നിറ്റു വീഴുന്നതെന്തെന്ന്
നമ്മളാരോട് ചോദിക്കും?

കവിത

# പുഴയുടെ പെണ്ണുങ്ങൾ



റീന വി.



വെയിലിറങ്ങിപ്പോയ ഉടലിന്റെ
സാധ്യതയിൽ ഒരു പെണ്ണ്
നൃത്തം വയ്ക്കുന്നു.
മഴയത്ത് തന്നെ.

മൂലകൾ ഒളിച്ചു വയ്ക്കാതെ
നൃത്തം വയ്ക്കുന്നു
ഉടൽ മടക്കുകൾ
ചുളിവുകളില്ലാത്ത വിധം
ഏറ്റം ഭംഗിയായി നിവർത്തി വച്ച്.

കര മുഴുവൻ ഒറ്റക്കണ്ണായി
അത് നോക്കി നിൽക്കുന്നു
കഥകളുടെ നൂല്
പട്ടം കണക്ക് പറത്തുന്നു.

വെള്ളം എന്ന കളിചിരികളിലൂടെ അവളും
പുഴയും കുലുങ്ങിച്ചിരിക്കുന്നു.
400 മന്ദ്രസ്ഥായിയിൽ കാറ്റ് പാടുന്നു.
അനേകം ചേലകളെ അത്
മരകൊമ്പിൽ നിന്ന് താഴേക്ക്
എറിഞ്ഞു കൊടുക്കുന്നുണ്ട്. പുഴയതെല്ലാം
വിരൽ നീട്ടിത്തൊടുന്നുമുണ്ട്.

പുഴവെളുമ്പിൽ അവളുടെ
പച്ചത്തല മുടി കുരുങ്ങിക്കിടക്കുന്നു
പുഴമീനുകൾ ഞണ്ടുകൾ ഉടലോമനിക്കുന്നു.

അവനുമ്മ വച്ച പോൽ ശ്വാസം
വരിഞ്ഞു മുറുക്കുന്നു.
അവളുടെ ഉള്ളിൽ നിന്നും നിൽക്കക്കള്ളി
യില്ലാത്ത ഒരുവൻ പുറത്തേക്കിറങ്ങാൻ
നോക്കുന്നു. കരകാണാതെ മടങ്ങുന്നു.

നെഞ്ചിൽ തറച്ച ഒരുണ്ട എടുത്തു
കളയുമ്പോലെ കഴുകിത്തുടയ്ക്കുന്നു
ഒടിവുകളിൽ വിരലോടിക്കുമ്പോൾ
ഉന്മാദം കൊണ്ട് പൂക്കുന്നു.
വട്ടം ചുറ്റിപ്പിടിക്കുന്നു.
കണ്ടിട്ടില്ലാത്ത കരകളെ കാണിക്കുന്നു.
ഒഴുക്ക് എന്ന കവിതയിൽ
മലർന്നു മണക്കുന്നു.

തണുപ്പുമായുള്ള ഒരുവൻ ചെയ്യുന്നതൊക്കെ
ചെയ്യുന്നു.
മരിച്ചവളെ പ്രേമിക്കുമ്പോൾ
എന്നൊരു കവിതയെഴുതുന്നു.

# ദി വാർ

മേൽക്കൂരയിടിഞ്ഞ വീടുകൾ
ആകാശം തിരയുന്നു
ഇന്നലെയൊരു നക്ഷത്രപ്പാടമവിടെ
പൂത്തിരുന്നു.
തീപ്പിണരുതുന്നിയ
കരിമ്പടംപോലതിന്റെ നെഞ്ചും
തുളഞ്ഞിരിക്കുന്നു.
തെരുവിലൊരിളം ചുണ്ട്
പാൽനുര കൊതിക്കുന്നു
കൊന്നിട്ടും കൊതിതീരാതൊരുവനൊരു -
പെണ്ണുടലിൽ
വിഷബീജം ചുരത്തവേ
ഭാഷയില്ലാത്തൊരൊച്ച
വീണുപിളരുന്നു.
തെരുവിന്റെ
ഉറഞ്ഞുപോയ കണ്ണീരിലേയ്ക്ക്
നഴ്സറിപ്പാട്ടിന്റെയീണം
ഒഴുകിയെത്തുന്നു.
പ്രണയമില്ലാത്തൊരു -
കാലത്തിന്റെ ഇരുട്ടിലിരുന്നാരോ
ചരിത്രമെഴുതുന്നു,
പുസ്തകത്താളിൽ മുഖംപൂഴ്ത്തി
നമ്മളതിനെ
യുദ്ധമെന്നു മണക്കുന്നു.
എല്ലാ ചുംബനങ്ങളിലും
ചോര ചുവയ്ക്കുമ്പോൾ
ഒട്ടിയ ഉടലുകൾക്കിടയിലൂടെ
ഒരു ചോദ്യമിഴഞ്ഞുകയറുന്നു -
നിന്റെ ദേശമേത് ? മതമേത്?



ഷേർലി മണലിൽ



# കോന്തല

അമ്മൂമ്മയുടെ കോന്തലക്കുത്തിൽ നിന്ന്
ഉമ്മറക്കോലായിലേക്ക് ചെരിഞ്ഞ
രണ്ട് പഴുത്ത മാങ്ങ, രണ്ട് ചക്കച്ചുള
ഒരു നുള്ള് ഉപ്പുമാവ്, രണ്ടു കൊത്ത്
തേങ്ങാപ്പൂള് ഒരിത്തിരി കൊട്ടടയ്ക്ക ...

മൂക്കിളയൊലിച്ച കുഞ്ഞു മുഖങ്ങളിൽ
ആക്രാന്തം കത്തിപ്പടരുമ്പോഴൊക്കെ
അമ്മൂമ്മയുടെ കോന്തലക്കുത്ത്
 വീർത്തു വീർത്ത് വന്നിരുന്നു

അന്തിക്കള്ളന്മാര് അരിച്ചാലിലൂടെ
ഓരിയിട്ട് പായുമ്പോഴാണ്
അമ്മായി തന്റെ കോന്തലയെടുത്ത്
മേലോട്ട് മടക്കിക്കുത്തി ' ചുണയുണ്ടെങ്കിൽ വാടാ 'ന്ന്
നെടുനീളത്തിൽ ഒരു വല്യാട്ട് നടത്തീത് ....

അടുക്കളപ്പുറത്തെ കരീം ചളീം
എന്റമ്മേടെ മോത്തും മേത്തും
ചുട്ടികുത്ത്ണ ചന്തം കണ്ട്-
ഞാനോടിച്ചെല്ലുമ്പോളൊക്കെ
ഒഴിഞ്ഞ കോന്തല കൊണ്ട്
ന്റെ കുഞ്ഞിമോറ് ഒപ്പിത്തന്നേര്ന്ന് ...

കയ്യാലപ്പൊറത്തെ കൊട്ടത്തേങ്ങയെടുക്കാൻ
ഓടിക്കേറി നടുവട്ടം ചാടുമ്പോഴാണ്
കൊച്ചാട്ടന്റെ കോന്തലക്കെട്ടീന്ന്
ജോക്കറ് ബീഡി . 'പടുക്കോ ന്ന് വീണത്
ഒപ്പരം നടുപ്പൊറത്ത് വീണ കുറീം വരീം
ഇപ്പളും തെളിഞ്ഞ് മിന്നണത് ...

പാതിരാത്രീല് കുറുക്കച്ചന്റെ ഓരീം കേട്ട്
കൂർക്കംവലിക്കാൻ തൊടങ്ങുമ്പോഴാണ്
കാറ്റത്തൂതി വീർപ്പിച്ചപോലെ
എന്റപ്പന്റെ കോന്തലക്കെട്ടീന്ന്
റാക്കും കുപ്പി പുറത്തേക്ക് ചാടണത് ..



**രജനി സുരേന്ദ്രൻ**

കോന്തലകളെ മാത്രം സ്വപ്നം കണ്ടു കിടന്ന
എന്റെ കുഞ്ഞി കോന്തലക്കുത്തില്
കൊച്ചുമുതലാളിന്റെ കഴുത്തിലെ മിന്ന്ണ മാല കണ്ടപ്പോഴാണ്
എന്റമ്മ ആദ്യായിട്ട് കോന്തല കൊടഞ്ഞ് പ്രാന്തീനെപ്പോലെ അലറിയത്...

പിന്നെപ്പിന്നെ കോന്തലക്കനം തൂങ്ങിത്തൂങ്ങി
രാവും പകലും നിക്കാനും നടക്കാനും പറ്റാണ്ടായപ്പോഴാണ്
കോന്തലക്കെട്ട് നല്ലോണം മുറുക്കി
ഞാനെന്റെ അമ്മേന്റെ ഒഴിഞ്ഞ കോന്തലക്കുത്തിലേക്ക്
ഒരു ചാട്ടം ചാടീത് ..!



# ആരാച്ചാർ



കൃഷ്ണകുമാർ മാപ്രാണം

പട്ടിണിക്കോലങ്ങളഞ്ചെട്ടുപേരുടെ
പട്ടിണിമാറ്റുവാൻ മാർഗ്ഗം തിരയവേ
ഒറ്റയുറുമ്പിനെപ്പോലുമേ കൊല്ലാത്ത
ഞാനൊരു ആരാച്ചാരായതാണത്ഭുതം?

മൂന്നുപേരെൻറെയീത്തൂക്കു കയറിൻറെ
തുമ്പിൽ കുരുങ്ങികിടന്നു പിടഞ്ഞതും
മൂകമാം രാത്രിയിൽ തേങ്ങിക്കരഞ്ഞതും
കാതിലാ രോദനം പെട്ടെന്നു നിന്നതും

തൂക്കുകയറിൻറെ തുമ്പിൽ നിന്നാടിയ
മൂന്നുനിഴലുകൾച്ചാരെയണഞ്ഞതും
ചോദ്യശരത്തിലെന്നുള്ളം തുളഞ്ഞതും
ചോര പൊടിഞ്ഞു മുറിപ്പെട്ടു പോയതും

'ചെയ്തില്ല കുറ്റങ്ങളൊന്നുമേയെന്നിട്ടും
ചെയ്യാത്ത കുറ്റത്തിനെന്തിനു തൂക്കി നീ?
കൊല്ലും കൊലകളും ശിക്ഷാർഹമാണെങ്കി-
ലീവിധ തൂക്കലും കുറ്റമെന്നോർക്കനീ?'

'ന്യായം വിധിച്ചതുമന്യായം തന്നെയോ !
ന്യായവിധികളിൽ ന്യൂനവുമുണ്ടെന്നോ?
ഒന്നുനടുങ്ങി ഞാനെന്നോടു മന്ത്രിച്ചു
ഓർക്കാതെയാരാച്ചാരായതു ദുർവിധി'

തീക്കനൽക്കട്ടകൾ കോരിനിറച്ചൊരെൻ
ഉൾത്തടമാകെയുരുകിയൊലിക്കവേ
അന്ധകാരത്തിൻറെ ആവിക്കുടുക്കയിൽ
ആത്മാവുനീറിപ്പിടഞ്ഞു നിന്നീടുന്നു

വയ്യിനി ഭാരം ചുമക്കുവാനീവിധം
വയ്യിനിയാരെയും തൂക്കിലിട്ടാട്ടുവാൻ
വയ്യിനി ജീവിതം മുന്നോട്ടു നീക്കുവാൻ
വയ്യിനി ദുഃഖക്കടലിലായ് നീന്തുവാൻ

ആരും വരാത്തൊരിപ്പാതിരാവക്കത്തു-
മാസ്വരം പിന്നേയും പിന്തുടർന്നീടവേ
പാതയോരമരച്ചില്ലമേലെന്നുടെ
പാപഭാരത്തെക്കുരുക്കിട്ടു തൂക്കി ഞാൻ

# മഴ പെയ്യുമ്പോൾ

കവിത



ജിപ്സ വിജീഷ്

ചോരാത്ത പെരേന്ന്
നിർത്താതെ പെയ്യണ മഴ
തോരാതെ നോക്കി
നിൽക്കാൻ
നല്ല ചേലാണത്രേ !

ചോർച്ച നോക്കി
ചോർച്ച നോക്കി
പാത്രം നെരത്താൻ
പരക്കം പായുന്നോൾടെ
നെഞ്ചില് കർക്കിടകം തോൽക്കണ
പേരില്ലാത്തൊരു പേമഴക്കാലം

ഗ്യാസ് തീരുന്നതുയിരു ചോരുന്നതു
പോലെയെന്നോളുടെ ആത്മഗതം
കത്താത്ത വെറകിനെ
ഊതിയൂതി ഉയിരിൽ നിന്നെത്ര
ചുഴലിക്കാറ്റിന്റെ പേറെടുത്തി -
ട്ടുണ്ടെന്നോ ഓള് !

എറേത്ത് ഒണക്കാനിട്ട
കുമ്മിയത്തുണിത്തരങ്ങൾ
ഊഴംകാത്തൂഴംകാത്തൂണു
മേശയ്ക്കു ചുറ്റും
നിരന്നിരിയ്ക്കുന്ന കസേരകളിലേറി
ഫാനിന്റെ തഴുകലേറ്റു
വിശ്രമിയ്ക്കുന്നതോളെ വീട്ടിലെ
പതിവു മഴക്കാഴ്ച്ച !

മഴ മുടക്കണ പണിക്കാലം
പനി പടർത്തുമ്പോൾ
കുളിരണതുയിരിനും ഉടലിനും
ഒരു പോലെന്നോൾടെ പിരാക്ക്.

പണീം തൊരോം ഇല്ലാണ്ട്
പെരേലിരിക്കണ
കെട്ടിയോന്റെ കരള്
കരകവിഞ്ഞൊഴുകണ
തോട്ടിലെ പെട പെടയ്ക്കണ
വരാലിൻകൂട്ടം മാതിരി


കടല് പെരുത്ത് പെരുത്ത്

പെരേല് വിരുന്ന് വരുമ്പോളേയ്ക്കും
കുട്ടീം വട്ടീം പെറുക്കിക്കൂട്ടി
കര തെരെഞ്ഞൊഴുകി
-പ്പോകുന്നോൾടെ മഴക്കാലത്തിനു
കണ്ണീരുപ്പു സ്വാദ് !

മഴ കാണാൻ നല്ല ചേലാണത്രേ
ചോരാത്ത പെരേന്ന്
തോരാതെ പെയ്യണ മഴ കാണാൻ
നല്ല ചേലാണത്രേ !



കവിത



# വെടിയുണ്ടകൾക്കും ചിലത് പറയാനുണ്ട്



ശ്യാം തറമേൽ

പുറപ്പെടുംമുൻപ് പറഞ്ഞിരുന്നില്ല,
ഈ പോക്കിന്റെ രഹസ്യം.

ഗൂഢാലോചനകൾക്ക് ശേഷം
കെണിയിൽപ്പെടുത്തിയതാണെന്നെനിക്കുറപ്പാണ്.

രണ്ടോ,
മൂന്നോ തവണ
ഉന്നംപിടിക്കുന്നത്
ഞാൻ കണ്ടിരുന്നു.

പൊടുന്നനെയാരോ കാഞ്ചിവലിച്ചതിന്റെ
ഞെട്ടലിലാണ് ഞാനിപ്പോഴും !

ചങ്കുതുരന്ന്,
ചോരവീഴ്ത്തിയതിനുശേഷമാണ്
എനിക്ക് ബോധം പോലും തിരിച്ചുകിട്ടിയത്!

മനമറിയാത്തൊരു  കൊലപാതകത്തിന്റെ
കുറ്റബോധം എന്നെയിപ്പോഴും കാർന്നുതിന്നുന്നുണ്ട്.

കുറ്റവാളിയായി മുദ്രകുത്തുംമുൻപെങ്കിലും
വെളിപ്പെടുത്തുമോ
ആരാണ് യഥാർത്ഥ  കൊലപാതകി?

# കാട് പൂക്കുമ്പോൾ

കവിത

മഞ്ഞുപുതച്ച
ഒരു പകലിൽ
നിറയെ പൂത്ത
മരങ്ങൾക്കിടയിലൂടെ
ഒരു യാത്രയിലാണ്....

മഞ്ഞിന്റെ പുതപ്പിൽ
പതിയെ തൊടുന്നു വെയിൽ

നീ മിഴികളിൽ
ഒളിപ്പിച്ച കഥകൾ
അധരങ്ങളിൽ
അടുപ്പത്തിന്റെ ചുവപ്പ്....

നോക്കൂ.....
വള്ളിച്ചെടികൾ എങ്ങനെയാണ്
മരങ്ങളെ
ഇത്ര മനോഹരമായി
ആലിംഗനം ചെയ്യുന്നത്....!
പൂക്കൾ കൊണ്ട്
ഗാഢമായി ഉമ്മ വെയ്ക്കുന്നത്,
ഇലകൾ കൊണ്ട് തലോടുന്നത്.,
വേരുകൾ കൊണ്ട്
ആരുമറിയാതെ
ഒന്നാകുന്നത്....!

നഗ്നമായ
പ്രകൃതിയുടെ കുളിര്....
ഇതാ നമുക്കിടയിൽ
ശ്വാസഗതിയുടെ
ചൂട് മാത്രം.....

ചുംബനത്തിന്റെ.
രഹസ്യങ്ങളിലാവണം
അകത്തെ
ഉറവ പൊട്ടുന്നതിന്റെ
ഉത്തരങ്ങൾ...

ആരുമറിയാതെ
സന്ധ്യയിൽ
പകൽ രാത്രിയെ
ആഞ്ഞു പുണരുന്നു..


മരങ്ങൾ
ഇലകൾ പൊഴിച്ച്
നാണം മറയ്ക്കുന്നു....




**അജേഷ് പി**



# സ്വപ്നം കാണാനറിയാത്തവരോട്





ഉഷ കെ.


സ്വപ്നം കാണാനാറിയാത്തവരറിയുക.
നിദ്രയിൽ മാത്രമല്ല,
ഉണർവിലും സ്വപ്നങ്ങളുണ്ട്.

അവിടെത്തിയാൽ കാണാം
മായക്കാഴ്ചകൾ-
ഇന്ദ്രനീലം ഉരുകിയൊലിച്ചപോലൊരു സൂര്യൻ
കടുക് പാടങ്ങൾ പൂത്തപോൽ ഹരിദ്രനിലാവ്
കാറ്റിലുലയും മരതകപ്പാടം പോൽ കടൽ
സ്വപ്നവേഗങ്ങളിൽ തെളിയും
പേരിടാഗ്രഹങ്ങളിലെ
സ്പന്ദനങ്ങൾ, ഋതുഭേദങ്ങൾ, ജനിമൃതികൾ,

പൊടുന്നനെ തുറക്കുന്ന മാന്ത്രികലോകങ്ങൾ.
കാറ്റു പെയ്യുകയും മഴ വീശുകയും
മഞ്ഞു പൊള്ളുകയും, ചന്ദ്രനെരിയുകയും
ഭൂമി നേർവഴി നടക്കയും ചെയ്യുന്ന
വിചിത്ര ലോകങ്ങൾ.

മൗനം വഴിയും ഗീതികളും
ചിലങ്ക കെട്ടിയ നിശബ്ദതയും
അർഥങ്ങൾ പൂക്കുന്ന മരങ്ങളും
മരങ്ങൾ പൊഴിക്കുന്ന വാക്കുകളും
വാക്കുകൾ കൊരുക്കുന്ന കവിതകളും
കവിതകൾ പരത്തുന്ന സുഗന്ധവും
നിറയുന്ന, കവിയുന്ന, സുന്ദരലോകങ്ങൾ.

# കാലാന്തരങ്ങളിലൂടെ ഞാൻ, അഹല്യ



***അന്ന്*,**

**വാഴ്ത്തുപാട്ടുകളിൽ ഞാൻ.......**

പ്രപഞ്ച സുന്ദരി, പ്രഥമ പഞ്ചകന്യക,
താപസി ഗൗതമന്റെ പ്രിയപത്നി,
സൃഷ്ടികർമ്മം ബ്രഹ്മാവിനാൽ,
ദേവ-അസുര- മാനുഷരുടെ മനമിളക്കിയവൾ,
വിരൂപതയുടെ നിന്ദയില്ലാത്തവൾ,
കുറ്റമില്ലാത്ത സൗന്ദര്യമുള്ളവൾ.
ത്രിലോകങ്ങളെയും ചുറ്റി, ഒന്നാമനായി, ഗൗതമൻ
നേടിയെടുത്തവൾ - ഞാൻ അഹല്യ - സൗഭാഗ്യവതി



ടോണിഎം ആൻറണി

***ഇന്ന്*,**

**മണ്ണടരുകളിൽ ഞാൻ ......**

പൊടിയിൽ ഒരു പാഴ് ശില - ഒരു വെറും കല്ല്,
വഞ്ചനയാൽ കണ്ണെരിഞ്ഞവൾ,പുകൾപറഞ്ഞ
അഴക് വിനയായവൾ, വെറും മണ്ണിൽ പലരും ചവിട്ടി,
ഞെരിച്ചു പിന്നെയും വഴിയരികിൽ കിടന്നവൾ.
കാത്തിരിപ്പാണ് ഏറെനാളായി ആ ദശരഥപുത്രനായി,
ആ പാദസ്പർശത്തിനായി, ഒരു ശാപമോചനത്തിനായി.
എന്നിട്ടുമാരും തിരഞ്ഞില്ല - എന്നിലെ ന്യായാന്യായങ്ങൾ
പ്രതികൾ ആരെല്ലാമൊ - ഞാൻ അഹല്യ - പര്യക്ത

***നാളെ*,**

**ചരിത്രത്തിൽ ഞാൻ ......**

എന്റെ കഥകൾ പാപപരിഹാരങ്ങളാകാം.
നീതിക്കും ലിംഗസമത്വമില്ലെന്നറിയാൻ - ഈ ഞാൻ,
ഒരു പഴയ ചിതലരിച്ച കൈപ്പുസ്തകം.
ഇന്നലെയും ഇന്നും നാളെയും, സ്ത്രീ - അവൾ തന്നെ
പഴി കേൾക്കാൻ, കുറ്റമേൽകാൻ,പിന്നെയും കരയാൻ.
എനിക്കായി ഒരു രാമൻ അവതരിച്ചു, ശാപമോക്ഷം തരാൻ,
പ്രതീക്ഷയരുത് മറ്റൊരു രാമനായി, കാത്തിരിപ്പരുത്,,,
അവതിരിച്ചില്ലേൽ.....,, ഞാൻ അഹല്യ - വഴികാട്ടിയവൾ


# സൗഹൃദം

കവിത



ജയപാലൻ കാര്യാട്ട്

അഴകിന്നവസാനവാക്കായ് ലസിക്കുന്നോ-
രവളുടെ അസുലഭ ദർശനം തേടി ഞാൻ
അലയുന്നതലയാഴിത്തിരകളൊത്തെങ്കിലു-
മതുജന്മസാഫല്യമെന്നേ നിനച്ചു പോയ്!
തളരില്ല, തളരാനെനിക്കാവതില്ല ഞാ-
നിനിയും ദിഗന്തങ്ങൾ പിന്നിടാനെത്രയോ!
കളിയല്ല കാമിനീകരവും ഗ്രസിച്ചുകൊ-
ണ്ടഭിമാനമേറും ശിരസ്സോടെ നീങ്ങവേ
പതിവായ് പകലോന്റെ കിരണങ്ങളൊത്തുചേർ-
ന്നലിയാൻ തരളിത മേനികൊതിച്ചു പോയ്
പ്രണയമെന്തറിയുന്നേനിനിയെത്ര ജന്മങ്ങ-
ളിവളുടെ സവിധത്തിലർപ്പിതം പൂജിതം.
അധരങ്ങളിൽ മുല്ലമൊട്ടുകൾ വിരിയുന്ന-
തകതാരിലൂറുന്ന സ്നേഹവായ്പെന്നതും
അകലാനെനിക്കാവതില്ല നിൻമാറിലെ
നെടുവീർപ്പുയർത്തുന്ന രാഗലയങ്ങളിൽ
അലിയാൻ മതിവരാതുണരാതെ പിന്നെ നിൻ
വിളികേട്ടുണരാൻ, പുണരാൻ കൊതിപ്പുഞാൻ.
മാറുന്ന കാലം പടർത്തുമിരുളിലും
മാറാത്തതൊന്നേയതു നിന്റെ സൗഹൃദം!



കവിത

# മനസാസ്മരാമി



പ്രദീപ് എസ്. എസ്



എനിക്ക് പക്ഷികളെപ്പോലെ കൂകണമെന്നുണ്ട്
അവർക്ക് എത്ര പെട്ടെന്ന് ഭാഷ മനസ്സിലാവുന്നു

മരങ്ങളെപ്പോലെ ഇലകൾ പൊഴിക്കണമെന്നുണ്ട്
എത്ര പെട്ടെന്ന് അവ പുതിയ ഇലകൾ ഉടുക്കുന്നു

കാറ്റിനെപ്പോലെ
കറങ്ങി നടക്കണമെന്നുണ്ട്
അത് എത്ര വേഗം ചലിക്കുകയും നിശ്ചലമാവുകയും ചെയ്യുന്നു

ഞാനെത്ര ശ്രമിച്ചിട്ടും.....
എത്ര ശ്രമിച്ചിട്ടും......

ഈ ആകാശത്തുനിന്നും പറിച്ചെടുത്തതല്ലാതെ
എന്റെ കൈയിൽ ഒന്നുമില്ല
ഈ ഭൂമിയിൽ നിന്നു കുഴിച്ചെടുത്തതല്ലാതെ
ഞാനൊന്നും കരുതിയിട്ടുമില്ല
പൂക്കളെന്നെ ചിരിപ്പിക്കുമെന്നും
കിളികളെന്നെ വിളിച്ചുണർത്തുമെന്നും
എനിക്കുറപ്പുണ്ട്
അതുകൊണ്ടുതന്നെയാണ് കാർമുകിലുകൾക്കുവേണ്ടി
ഞാൻ കണ്ണീരു പൊഴിക്കുന്നതും

# കാലത്തെ അതിജീവിക്കുന്ന കാവ്യാനുഭവം




ദർശന

**ക**വിതയെന്നത് പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും വാഗ് രൂപമത്രെ. അപരത്തെ ആത്മമാക്കി മാറ്റുകയാണ് കവിയുടെ/ കവിതയുടെ കലാധർമ്മം. അഥവാ ആത്മത്തെ നിരന്തരം പുതുക്കി പണിയുക. വർത്തമാനകാല കവിതകളിലൂടെ കവികൾ ചെയ്തുകൊണ്ടിരിക്കുന്നതും ഇതുതന്നെയാണ്. ഇവിടെ കവി തനിക്ക് പറയാനുള്ളതെല്ലാം തന്റേതാക്കി മാറ്റുന്നു. ഉള്ളംകൊണ്ട് തന്റേതാക്കി മാറ്റാനാവാത്ത യാതൊന്നും അയാൾക്ക് എഴുതാനാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. നിരന്തരം പുതുക്കിപ്പണിയുന്ന ആത്മമാണ് കവിയുടെ അസ്ഥിത്വത്തെ നിർണയിക്കുന്നത്. പ്രശസ്ത കവി സച്ചിദാനന്ദനെക്കുറിച്ച് വി വി വിജയകുമാർ ആത്മസമരങ്ങൾ എന്ന പുസ്തകത്തിൽ പറഞ്ഞതാണിത്.

വൈലോപ്പിള്ളിയും ഇടശ്ശേരിയും അക്കിത്തവും എല്ലാം തുടങ്ങി വെച്ച കാവ്യഭാവുകത്വത്തിന്റെ പിന്മുറക്കാരാണ് ആറ്റൂർ രവിവർമ്മയും അയ്യപ്പപ്പണിക്കരും. എന്നാൽ ആധുനിക കവിതയിൽ ഭാഷാതലത്തിൽ ഏറ്റവും മൂർത്തമായി ഇടപെട്ടത് ആറ്റൂർ ആണെന്നും ചരിത്രത്തിലും പാരമ്പര്യത്തിലും നിന്ന് പിടിച്ചെടുത്ത വാക്കുകളെ തന്റെ കാലത്തിനു വേണ്ടി പൊലിപ്പിക്കയാണ് അദ്ദേഹം ചെയ്തതെന്നും വിജയകുമാർ നിരീക്ഷിക്കുന്നു . ആറ്റൂരിന്റെ കവിതയിലെ വാക്ക് സമകാലികരായ മറ്റൊരു കവിയുടെയും കവിതയിൽ കണ്ടെത്താനാവില്ലത്രെ. മലയാളത്ത




ആറ്റൂർ രവിവർമ്മ



കെ.ജി.ശങ്കരപിള്ള


നിമകൊണ്ട്, സ്ഥലത്തെ ശരിയായ സാന്നിധ്യം കൊണ്ട് അത് വ്യത്യസ്തമാകുന്നു എന്നും അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. വാക്കിനെക്കുറിച്ച് തീർത്തും വ്യാകുലനായ കവിയാണ് ആറ്റൂർ . കവി എല്ലായ്പ്പോഴും പുതിയ വാക്കിനെ തിരയുന്നു കണ്ടെത്തുന്നു



കെ. സച്ചിദാനന്ദൻ

നിർമ്മിക്കുന്നു. മലയാളത്തിന്റെ ചാരുതയോടെ അത് മറ്റു വാക്കുകൾക്കൊപ്പം ചേരുന്നു . വാക്കിന്റെ വർഗ്ഗപരമായ മാനങ്ങളെ കുറിച്ച് ബോധവാനായിരുന്നു അദ്ദേഹം. മലയാളഭാഷയിൽ വാക്കുകൾ ഉയിരെടുക്കുന്നതും തെഴുക്കുന്നതും അധ:സ്ഥിത ജനതയുടെ കർമ്മ മണ്ഡലങ്ങളിലൂടെയാണെന്നും ഈ ഭാഷ നിലനിൽക്കാൻ പോകുന്നതും ഇവരിലൂടെയാണെന്നും അദ്ദേഹം പറഞ്ഞിരുന്നു. ആധുനിക കവിതയ്ക്ക് രൂപഭാവങ്ങൾ നൽകിയത് ആറ്റൂരാണ് എന്ന് പറയപ്പെടുന്നു. അയ്യപ്പപ്പണിക്കരുടെ പിന്മുറക്കാരനത്രേ സച്ചിദാനന്ദൻ പോലെയുള്ള കവികൾ എന്നാൽ ആറ്റൂരിന്റെ പിൻഗാമിയായി കാവ്യലോകം കണക്കാക്കുന്നത് കെ ജി ശങ്കരപ്പിള്ളയെയാണ്.

കവിത ഒരു സാംസ്കാരിക പ്രവർത്തനമാണ്. കവിതയുടെ മുഖ്യലക്ഷ്യം അർത്ഥോൽപാദനമാണ്.കെ ജി ശങ്കരപ്പിള്ള മലയാളത്തിന്റെ രാഷ്ട്രീയ കവി ആകുന്നത് ഇത് കൊണ്ടത്രേ . അദ്ദേഹത്തിന്റെ കവിത ചരിത്രത്തോടും ജീവിതത്തോടും അഭിമുഖമായി നിന്നുകൊണ്ട് അവയ്ക്കിടയിലെ ഐ



വൈലോപ്പിള്ളി ശ്രീധരമേനോൻ

കൃത്തിന്റെയും നിഷേധങ്ങളുടെയും പ്രകാശനം ചെയ്യുന്നുണ്ട്. തുടർച്ചയായ നവീകരണങ്ങൾക്കു വിധേയമാകുമ്പോഴും ജീവിതത്തോടും പ്രകൃതിയോടും ഉള്ള അലിവ് ഒരിക്കലും വറ്റാത്ത ആന്തരവാസനയായി കവിതയിൽ നിലനിൽക്കുന്നുവെന്നതാണ് ശ്രദ്ധേയമായിട്ടുള്ള വസ്തുത .

ആധുനിക കവിതയുടെ പ്രമുഖ പ്രയോക്താക്കളിൽ ഒരാളായ കെ ജി ശങ്കരപ്പിള്ള കൊല്ലം ചവറ സ്വദേശിയാണ്. കേരളത്തിലെ വിവിധ സർക്കാർ കോളേജുകളിൽ മലയാളം വിഭാഗം അധ്യാപകനായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം എറണാകുളം മഹാരാജാസ് കോളേജിൽ പ്രിൻസിപ്പലായാണ് വിരമിച്ചത്. പ്രസക്തി, സമകാലീന കവിത തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ എഡിറ്റർ കൂടിയാണ് അദ്ദേഹം . കൊച്ചിയിലെ വ്യ

ക്ഷങ്ങൾ , കെ ജി ശങ്കരപ്പിള്ളയുടെ കവിതകൾ (1969 1996) കെജിഎസ് കവിതകൾ (1997 2006 ) ബംഗാൾ, അയോധ്യ, ആനന്ദൻ, ഊർമ്മിള , കഷണ്ടി, രമണൻ , നന്നങ്ങാടികൾ, പ്രാർത്ഥിക്കുന്നെങ്കിൽ ഇങ്ങനെ , തുടങ്ങിയവ പ്രധാന കൃതികൾ. 1998 ലെ കേരള സാഹിത്യ അക്കാദമി അവാർഡ്, 2002 ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, 2019 കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം തുടങ്ങിയ ബഹുമതികൾക്ക് അർഹനായിട്ടുണ്ട്.

കെ ജി ശങ്കരപ്പിള്ളയുടെ കവിതകൾ മറ്റു കവിതകളിൽ നിന്നും വ്യത്യസ്തമായിരിക്കുന്നത് അതിലെ ഘടനാവിശേഷവും വാക്കുകളുടെ സ്പഷ്ടവും മെരുങ്ങാത്തതുമായ പ്രയോഗരീതികളും കൊണ്ടാണ് . കൃത്യതയാണ് കവിതയുടെ മുഖമുദ്ര. അതിനാൽത്തന്നെ വഴക്കമില്ലാത്ത ഭാഷയുടെ ചുവടുകൾ കാണാം . പ്രമുഖ വ്യക്തിത്വങ്ങളെ ഓർത്തെടുക്കാൻ ശ്രമിക്കുന്ന അദ്ദേഹത്തിന്റെ ഓർമ്മക്കുറിപ്പുകളുടെ സമാഹാരമാണ് 'മരിച്ചവരുടെ മേട്' സമകാലീന രാഷ്ട്രീയ സാമൂഹിക വ്യവസ്ഥിതികളിൽ ഇന്നും പ്രസക്തമാണ് ഒരുപ്പൂ എന്ന കവിത ,

കൊച്ചിയിലെ വൃക്ഷങ്ങൾ എന്ന കവിതയിൽ നിറഞ്ഞുനിൽക്കുന്നത് ചടുലമായ ചലനാത്മക ബിംബങ്ങളാണ്. വൃക്ഷങ്ങൾ വിപണിയുടെ ഭാഗമാകുമ്പോൾ ഒരുമയ്ക്ക് പകരം വിഘടിതസ്വത്വങ്ങളുടെ പരിഭ്രാന്തി സമൂഹത്തെ കീഴടക്കുന്നതാണ്. അഭയത്തിന്റെ വിരൂപ ശിഖരത്തിൽ ദൈന്യത്തിന്റെ പതാകയാകുന്ന ഇടപ്പള്ളിയും പൂത്തുയർന്ന പാതാള വൃക്ഷമാകുന്ന 'പി 'യും . തൃക്കാക്കര മുതൽ കൊച്ചി തുറമുഖം വരെയുള്ള വഴി പഴഞ്ചൊല്ല് പോലെ നാട്ടുവെളിച്ചം നിറഞ്ഞതായിരുന്ന കാലത്ത് നിന്നും വഴിയുടെ ഇരുവശത്തും മഹാഗണിമരങ്ങൾ നിന്നിരുന്ന കാലത്ത് നിന്നും പരിണമിച്ച് വൃക്ഷങ്ങളുടെ പ്രേതരൂപങ്ങളായി പുകയുയരുന്ന പുക പെരുകുന്ന പുതിയ കാലമാണ് ഈ കവിതയിലുള്ളത്.

അജൈവ പാരിസ്ഥിതിക ബിംബങ്ങളെ കാലമെന്ന അജൈവവും അമൂർത്തവുമായ ബിംബത്തോട് സമന്വയിപ്പിച്ചുകൊണ്ടുള്ള മാനവിക വീക്ഷണം അദ്ദേഹത്തിന്റെ കവിതകളിൽ കാണാം. .

അദ്ദേഹം പറയുന്നത് ശ്രദ്ധിക്കുക .

'അനീതിയെ പ്രതിരോധിക്കുകയാണ് എന്റെ കവിതകളുടെ ദൗത്യം .അധികാര വിമർശനവും എന്റെ കവിതകളുടെ ധർമ്മമാണ് അത്തരമൊരു കാവ്യ നീതിയുടെ അംഗീകാരമായിട്ടാണ് കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ട അംഗത്വം ഞാൻ കാണുന്നത്. നമ്മൾ ചെയ്തത്, ചെയ്തുകൊണ്ടിരിക്കുന്നത് എവിടെയൊക്കെയോ ഉള്ള മനുഷ്യർ തിരിച്ചറിയുന്നുവെന്നതും ആത്മവിശ്വാസം തരുന്നു.'

ഫാസിസത്തിന്റെ വരവും പൗരാവകാശധ്വംസനങ്ങൾ ആഘോഷിക്കപ്പെടുകയും ചെയ്യുന്ന ഇക്കാലത്ത് ജനത പുലർത്തുന്ന നിസ്സംഗതയെ വിചാരണ ചെയ്യുകയാണ് *ബംഗാൾ* എന്ന അദ്ദേഹത്തിന്റെ കവിത . പരുഷവും അനാർദ്രവുമായ ജീവിത സാഹചര്യങ്ങളോട് പ്രതികരിക്കാൻ പരുഷമായ ഗദ്യം തന്നെ വേണമെന്ന് കണ്ടെത്തിയ കവിയാണ് കെ ജി ശങ്കരപ്പിള്ള . അധ:സ്ഥിതവർഗ്ഗം കെട്ടു പൊട്ടിക്കുമെന്ന സമയം ആഗതമായി എന്നറിയുമ്പോൾ ഉണ്ടാകുന്ന ഉപരിവർഗ്ഗ സംഭ്രാന്തിയാണത്രേ ബംഗാൾ കവിതയിൽ . ഇത് പ്രസക്തി മാസികയിൽ 1973 ഇൽ വന്ന കവിതയാണ്. ധൃതരാഷ്ട്രരുടെ വീക്ഷണകോണിൽ നിന്നും കാണുന്ന കാഴ്ചകളാണ് ബംഗാൾ കവിതയുടെ പ്രതിപാദ്യ വിഷയം. മറഞ്ഞിരിക്കുന്ന കാഴ്ചകളാണ് വാക്കുകളിൽ തെളിയുന്നത്. നിഷ്ക്രിയനായി രാവും പകലും തുടരുന്ന ഇരിപ്പും എന്നിട്ടും ഞാനൊന്നും അറിയുന്നില്ല എന്ന് പറയുമ്പോൾ അത് ഇന്നിന്റെ നേർകാഴ്ചയല്ലേ , നിഷ്ക്രിയരായി, അന്ധരായി ഇരിക്കുന്നത് നമ്മൾ തന്നെയല്ലേ എന്ന ബോധ്യം കവിതയിലൂടെ കടന്നുപോകുമ്പോൾ നമുക്ക് ഉണ്ടാകുന്നുണ്ട് എന്നതാണ് വാസ്തവം.

എഴുപതുകളിലെ വേട്ടയാടൽ കാലം ചി

ന്താശ്രേണികൾ തുറുങ്കിലും ഏറ്റുമുട്ടലുകളിലും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കാലം. മുഖപ്രസംഗങ്ങളിലൂടെ മാധ്യമങ്ങൾ പ്രതികരിക്കുകയും കാർട്ടൂണിസ്റ്റുകൾ ഉൾപ്പെടെ വേട്ടയാടപ്പെടുകയും ഭരണകൂടം ഇന്ത്യയിൽ ഭയാനക രൂപം ധരിക്കുകയും ചെയ്ത കാലത്തിന്റെ പകർപ്പാണ് ഈ കവിത. എങ്കിൽ ഇത് ഇന്നിന്റെ കവിത തന്നെയല്ലേ. വർത്തമാന ഇന്ത്യയിലും മറിച്ച് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.?

വാക്ക് വൈകൃതങ്ങളിൽ നിന്നും കവിത രാഷ്ട്രീയ സ്വഭാവം ആർജ്ജിക്കുന്നത് ബംഗാളിലാണ്. അത് തന്നെയാണ് ഈ കവിതയുടെ പ്രസക്തിയും. വിശ്വാസപ്രമാണങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടിട്ടും കാലമേറെ മാറിയിട്ടും ബംഗാൾ എന്ന കവിത ഇന്നും പ്രസക്തമാണ്.

കവിതയിലേക്ക്

'ബംഗാളിൽ നിന്നും ഒരു വാർത്തയും ഇല്ല

ബംഗാളിൽ നിന്ന് മാത്രം

യാതൊന്നും അറിയുന്നില്ല

യാതൊന്നും .

ഒന്നും

എന്റെ മക്കളും ചെറുമക്കളും ബന്ധുക്കളും അവിടെയാണ്.

പല തരക്കാരാണ് പണക്കാരനാണ്,

അവരവരുടെ കൊയ്ത്തും വേലയും

വേറെ വേറെ വിരുന്നുകാരുമാണ്. അതിരും അയലും കുശുമ്പും കൂടോത്രവും അതിരിലെങ്ങും പക പതുങ്ങിയിരിക്കുന്ന പിരിയൻ മാളങ്ങളുമാണ്'

വഴികൾ , പുഴകൾ, സൈന്യം , നാട് , നഗരം എല്ലാം നടുവേ പിളർന്നവർ. എന്തിനും തമ്മിൽ തല്ലും കുരുതിയും കള്ളച്ചൂതും അജ്ഞാതവാസവുമാണ്., നടുവഴികൾ ചതിചൊട്ടകളത്രെ. നോക്കിൽ ചോരക്കൊതിയും വാക്ക് വിഷപ്പൊതിയും. പാർട്ടിക്കാരും ഗാന്ധിക്കാരുമാണ് മക്കളും ചെറുമക്കളും ബന്ധുക്കളും.

രാത്രി മുതൽ രാത്രി വരെ ഒരേയിരുപ്പിരിക്കുന്ന ഞാൻ ഒന്നും അറിയുന്നില്ല.

പഴയതല്ലാത്ത കാലം . വിട്ടുവീഴ്ചകൾ ഇല്ലാത്ത ലോകം പകരത്തിനുപകരമാണ് എല്ലാം . ചുടു വേനൽ. ഇതായിരിക്കാം കവി പറഞ്ഞ ക്രൂരകാലമത്രയും. സന്തതസഹചാരിയായ സഞ്ജയനോടാണ് ധൃതരാഷ്ട്രരുടെ ആകുലതകളത്രയും പങ്കുവയ്ക്കപ്പെടുന്നത്.

'സഞ്ജയാ,

അകത്തെ മുറിയിൽ ആരോ തേങ്ങുന്നു അകലെ ആരോ അലമുറയിടുന്നു ആകാശത്തിലും ഭൂമിയിലും ഭയം മുഴങ്ങുന്നു.'

കലാപഭൂമികകളിൽ എന്നും അലമുറകളാണ്. അകത്തും പുറത്തും ഒരുപോലെ . അപ്പോൾ ആകാശത്തും ഭൂമിയിലും ഭയം മുഴങ്ങുന്നു. നിശബ്ദനായി ഇരിക്കുന്ന സഞ്ജയനോട് ധൃതരാഷ്ട്രർ പറയുന്നുണ്ട്. അവ്യക്ത ശബ്ദങ്ങൾ ഏകാന്തത കൊണ്ടുവരുന്നു. ഏകാന്തത മൗനം കൊണ്ടു വരുന്നു . മൗനം നിന്നെ ദൂരേക്ക് കൊണ്ടു പോകുന്നു എന്ന്. പിന്നെയും ബംഗാളിനെ കുറിച്ചുള്ള വ്യാകുലതകളിൽ മുഴുകുന്നു.

'ബംഗാളിന്

ചുറ്റും കടലാണ്

നദീതട സംസ്കാരങ്ങൾ അവിടെയാണ്

പ്രഭുക്കൾ , ഭൃത്യർ നൂറ്റാണ്ടുകൾ, മഹായുദ്ധങ്ങൾ, ചുഴലികൾ, മലമ്പാതകളിൽ ഇരുണ്ട തണുത്ത ദൂരങ്ങൾ, മന്ദഹാസത്തിൽ പതുങ്ങിയിരിക്കുന്ന ദ്രംഷ്ടകൾ ,

എല്ലാം അവിടെയാണ്,

എന്റെ മക്കളും ചെറുമക്കളും ബന്ധുക്കളും അവിടെയാണ്.'

കെടുതികൾ, പെറ്റു കൂട്ടുന്ന വിശപ്പിന്റെ തള്ളപ്പിശാചത്രേ. വൃക്ഷത്തടങ്ങളിൽ അടിഞ്ഞുകൂടുന്ന കരിയിലകൾ . ഇല പൊഴിച്ചിൽ കാലം . നിസ്സാരമായ ഒരു കാറ്റ് ഭയങ്കര ചുഴലിയായിമാറി എല്ലാം അട്ടിമറിക്കുന്ന കാലം. ബംഗാൾ വിഭജനകാലത്തെ രാഷ്ട്രീയ സാമൂഹിക അന്തരീക്ഷമാണ് കവിതയിലൂടെ പറയപ്പെടുന്നത്. കവിത വായിക്കുന്ന ഒരുവന് കാഴ്ചയുടെ വാതായനങ്ങൾ തുറന്നിടുകയാണ് കവി.

ആശയങ്ങൾ അന്തരാർത്ഥങ്ങൾ എല്ലാം കവിതയുടെ ആഴം വർദ്ധിപ്പിക്കുന്നു.

വേനലിന്റെ രൂക്ഷത ഭൂമിയെ തരിശാക്കു

ന്നു. വൃദ്ധയെപ്പോലെ വിഫലയാക്കുന്നു.

വെയിലത്തെ തെണ്ടിയുടെ മുഖം പോലെ വിണ്ടതും വരണ്ടതുമാക്കുന്നു. മൂകമാക്കുന്നു . കറുപ്പ് ചുറ്റി കണ്ണ് പൂട്ടി മരണപ്പാട്ട് പാടുന്നു . വെറുതെ വെറുതെയെന്ന് വ്യർത്ഥവേദത്തിന്റെ തീ തുപ്പുന്നു.

'സഞ്ജയാ, നീ കണ്ടതാണ് ശരി.

ഈ വിള്ളലുകൾ നിരവാസിതൻമാർക്ക് കൂടല്ല

പരാജിതന് ഭൂമി തുറന്നുകൊടുത്ത ശവപ്പെട്ടിയല്ല കമിഴ്ന്നുകിടന്ന് ഈ വിള്ളലുകളിൽ കാതുചേർക്കുന്ന കറുത്ത കുട്ടികൾ

തുടരെ കേൾക്കുന്ന കാലൊച്ച ചരിത്രത്തിന്റെതാണ്, ആഴത്തിലൂടെ കുതിച്ചെത്തുന്ന ചുഴലിയുടെതാണ്. കണ്ണിൽ മിന്നൽ പാടുള്ള രക്ഷസിന്റേതാണ്.

നീ പറഞ്ഞതാണ് സത്യം. ഈ കുട്ടികളുടെ പുത്തൻ പാട്ടിൽ തീയുണ്ട്'

അധ:സ്ഥിത വർഗ്ഗത്തിന്റെ ഉയിർത്തെഴുന്നേല്പ്, അവരുടെ ചെറുത്തുനിൽപ്പ് , അതിൽ ഭീതി കൊള്ളുന്ന വരേണ്യ വർഗ്ഗത്തിന്റെ വിഹ്വലതകൾ എല്ലാം കവിതയിൽ കാണാം. പൊള്ളുന്ന വേനൽ കത്തുന്ന സാമൂഹ്യരാഷ്ട്രീയ അന്തരീക്ഷമായിരിക്കും. ഈ വേനലിൽ ഇല കൊഴിച്ചിലിൻെറ വേഗം ഇരട്ടിക്കുന്നു . ഇല കൊഴിച്ചിൽ എന്നത് തുടരെത്തുടരെ വന്നുകൊണ്ടിരിക്കുന്ന മരണവാർത്തകളും അപ്രത്യക്ഷമാകലുമാണ്.

കത്തുന്ന വേനലിൽ പൊടി പുരണ്ട തീക്കാറ്റായി അത് മാറുന്നു. വീണുകിടക്കുന്ന കരിയിലകളുടെ ശക്തി കൂടുന്നു . അടിത്തട്ടിലൂടെ അത് രഹസ്യമായി മുന്നേറുമെന്ന് ധൃതരാഷ്ട്ടരുടെ അന്ധ നേത്രങ്ങൾ ഭയക്കുന്നു.

കലാപങ്ങൾ സമരങ്ങൾ എത്ര എളുപ്പത്തിലാണ് പൊട്ടിപ്പുറപ്പെടുന്നത് എന്ന് നോക്കൂ. പൊടുന്നനെയാണ് തെരുവിൽ അത് ചുഴലിയായി മാറുന്നത്. നഗരത്തെ തച്ചു തകർത്തെറിഞ്ഞു, സിംഹാസനങ്ങളെ വേരോടെ പിഴുതു മാറ്റുന്നു. ഭരണം , നിയമം, മര്യാദകൾ , രാപ്പകലുകൾ എല്ലാം മാറ്റുന്നു. ഏറ്റവുമൊടുവിലാണ് പഴയ ആളുകൾക്ക് മനസ്സിലായത് വിദൂര ഗ്രാമങ്ങളിലെ കർഷകരുടെ ഉഗ്ര ശാപത്തിൽ നിന്നാണ് ചുഴലി പൊട്ടിപ്പുറപ്പെട്ടത് എന്ന്

അതുമാത്രമല്ല ഇത്തരത്തിലും ചുഴലി സംഭവിക്കാമെന്നും. ഇലപൊഴിയും കാലം മരണവാർത്തകളുടെ കാലമത്രെ. ഉറ്റവരുടെ മരണ വാർത്തയുമായി ആരോ ഓടിക്കിതച്ചു വരുന്നു എന്ന വിചാരമാണ് എപ്പോഴും. തീയിൽ കെട്ടിയിടപ്പെട്ടവൻ സ്വാതന്ത്ര്യം മോഷ്ടിക്കപ്പെട്ടവൻ .

'ഇരുട്ടിനേക്കാൾ വ്യാഖ്യാനദുഷ്കരം ഈ തീ വെയിലാണ്.

ഇവിടെ ഓരോ അണുവും ഓരോ സൂര്യനായി എന്നെ ദഹിപ്പിക്കുന്നു'

പടയോട്ടങ്ങളുടെ ഭീതിയുണർത്തുന്ന സ്വപ്നപ്പകർച്ചകൾ.

'വഴികളുടെ കാണാതുടർച്ചയിലൂടെ

അർദ്ധരാത്രിയിൽ

മന്ത്രവിളക്ക് വീശി വേഗം വേഗം നടന്നുപോകുന്നത് ആരാണ് ?

അടിത്തട്ടിലൂടെ രഹസ്യമായി മുന്നേറുന്നത് ആരാണ് ?

ഈ പിള്ളേരുടെ പാട്ടിലെ കൊടുങ്കാറ്റ് ആരാണ് ?

നീ ആരാണ്? ബംഗാളിന് മൂന്നടി വെച്ച് രാജാവിന്റെ തലയിൽ തൊഴിക്കാൻ ആഞ്ഞടുക്കുന്നത് ആരാണ് . ?'

സംശയങ്ങളും സങ്കടങ്ങളും മാത്രം വാർത്തകളിൽ നിറച്ചു നേരു പറയാത്ത പത്രമാധ്യമങ്ങൾ. എല്ലാവരും എന്തോ ഒളിക്കുകയാണ്. അന്ധനായ രാജാവിനെ പോലെ നമുക്കും കണ്ട കാഴ്ചകൾ വിശ്വസിക്കുകയേ തരമുള്ളു .സത്യം അറിയാതെ വെറുതെ വ്യഥയിലമരുവാൻ.

'ബംഗാളിൽ നിന്ന് ഒരു വാർത്തയുമില്ല

അവിടെ എന്തൊക്കെയോ നടക്കുന്നു .

കേട്ട വാർത്തകൾ ഭീകരം . കേൾക്കാത്തവ അതിഭീകരം .

സഞ്ജയാ , എന്താണ് അവിടെ നടക്കുന്നത്. എന്താണ്

എന്താണ് എന്ന് ഈ വർത്തമാനകാലത്തിൽ നമ്മളും ചോദിച്ചു പോകുന്നില്ലേ.

●




**കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ**

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.


*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. vyaparakeralam@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച








**Daya C .S, 5B, GUPS, Varadiam**



**ആസ്റ്റർ മാരിയോ ലിജോ,,** 4th std,
St Aloysius LP School Elthuruth



**Muhammad Rishan, V.B.M.L.P.SCHOOL. VANIMEL**




**Daniel Sijo Thattil**
I B, HCCGUP, Kunnamkulam

ലേഖനം.

# ഞാനും എന്റെ വിദ്യാലയവും

എട്ടുവർഷം മുമ്പ് ഞാനെന്റെ ഉമ്മയുടെ കൈപിടിച്ച് എന്റെ വിദ്യാലയത്തിന്റെ പടി ചവിട്ടി അകത്തേക്ക് കയറുമ്പോൾ വരാന്തയിൽ വെള്ളം മുണ്ടും വെള്ള ഷർട്ടും ഇട്ട ഒരാൾ അവിടെ ഉണ്ടായിരുന്നു . അദ്ദേഹം എന്നോട് പറഞ്ഞു മോളെ നീ നന്നായി പഠിക്കണം ഉയരങ്ങളിൽ എത്തണം ദൈവം അനുഗ്രഹിക്കട്ടെ എന്നു പറഞ്ഞു എന്റെ തലയിൽ തലോടി . അത് ആരാണെന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ ? അത് നമ്മുടെ ബഹുമാനപ്പെട്ട നമ്മുടെ എല്ലാമായ പാഴൂർ മുഹമ്മദ് കുട്ടി സാഹിബ് ആയിരുന്നു . അങ്ങനെ ഈ എട്ടു വർഷക്കാലയളവിൽ എനിക്ക് എന്റെ വിദ്യാലയത്തിൽ നിന്ന് ഒരുപാട് സുഹൃത്തുക്കളെയും ടീച്ചർമാരെയും എനിക്ക് കിട്ടി .

ഈയിടെ എന്റെ സ്കൂളിന്റെ മികവ് തെളിയിച്ചുകൊണ്ട് മാതൃഭൂമി ന്യൂസിൽ വന്നിരുന്നു. അതിൽ ഞാൻ ഒരുപാട് അഭിമാനിക്കുന്നു . മാത്രമല്ല കലാ കായികം ശാസ്ത്രം എന്നീ രംഗങ്ങളിൽ എന്റെ വിദ്യാലയം ഓരോ വർഷവും ഉയരങ്ങൾ കീഴടക്കി കൊണ്ടിരിക്കുകയാണ് .

കൂടാതെ തുടർച്ചയായി രണ്ടുവർഷം എന്റെ വിദ്യാലയത്തിന് വേണ്ടി ഞാൻ മോണോ ആക്ടിൽ A ഗ്രേഡ് നേടി .

കൂടാതെ ഒഴിവു ദിവസങ്ങളിൽ ടാലൻറ് ലാബ് എടുത്തുകൊണ്ട് കുട്ടികളുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നു .

മാത്രമല്ല സ്കൂളിൽ നിന്നും പഠനയാത്ര പോകാറുണ്ട് . അതും ഞങ്ങൾക്ക് നല്ല അനുഭവമാണ് . മാത്രമല്ല മായം ചേർക്കാത്ത രുചികരമായ ഭക്ഷണത്തിന് ഞങ്ങളുടെ പച്ചക്കറിത്തോട്ടം നല്ലൊരു പങ്കുവഹിക്കുന്നുണ്ട് . ഞങ്ങളുടെ വളർച്ചക്കും ഉയർച്ചയ്ക്കും വേണ്ടി നല്ല ഉപദേശങ്ങൾ നൽകുന്ന ഞങ്ങളുടെ പ്രിയപ്പെട്ട ഹെഡ് മാസ്റ്റർ സജി സാറും ടീച്ചർമാരും ഞങ്ങൾക്ക് വേണ്ടി ഒരുപാട് പ്രവർത്തിക്കുന്നു.

**ഫാത്തിമ ഷിഫാ .കെ.** , 6 .C
എ എം യു പി എസ് പാഴൂർ .

# പുഞ്ചിരിക്കുന്ന നക്ഷത്രം

വർണ്ണ നക്ഷത്രമേ,വർണ്ണമേ നക്ഷത്രമേ....
ആകാശത്തിൻ മുകളിൽ നിൽക്കുന്ന നക്ഷത്രമേ..
രാവും പകലും എന്റെ ഓർമ്മയായി ആകാശത്തിൽ നിൽക്കുന്ന നക്ഷത്രമേ...
ആകാശത്തിലെ നൂറോളം നക്ഷത്രമേ...
ആകാശത്തിൻ മുകളിൽ നിന്ന് പുഞ്ചിരിക്കുന്നു എന്നെ നോക്കി...
രാത്രിയിൽ ഒറ്റയ്ക്ക് നിൽക്കുന്ന നക്ഷത്രമേ...
നക്ഷത്രത്തെ പോലെ ഞാനും കൂടെ വന്നോട്ടെ...
നല്ല നക്ഷത്രമേ നല്ല നക്ഷത്രമേ..
ആകാശത്തിൽ മിന്നി തിളങ്ങുന്ന നക്ഷത്രമേ
നിന്നെപ്പോലെ ഞാനും മിന്നി തിളങ്ങീടട്ടെ.....

**EMERIN ROSE N. J**
3 A
St. Marys CBPS School, Kottekkadu.